# സമതലങ്ങളിലെ ശലഭങ്ങൾ

## തിരഞ്ഞെടുത്ത കവിതകൾ



പ്രിയവ്രതൻ

2018

സൂക്ഷ്മമായ നേഷണങ്ങൾ, മനസ്സിന്റെ സങ്കീർണ്ണതകളുടെ കുരുക്കുകളെ തൊട്ടുരുമ്മിയുള്ള യാത്ര, വ്യത്യസ്തങ്ങളായ പ്രമേയങ്ങൾ, മനുഷ്യത്വം എന്ന താൽക്കാലിക ഇടത്തിനും അപ്പുറത്തേക്കുള്ള വീക്ഷണം, ദാർശനികമായ പര്യവേഷണങ്ങൾ; ഒപ്പം സാധാരണ ജീവിതത്തിന്റെ ചില പരിച്ഛേദങ്ങളും, കാഴ്ചകളും. സംഘർഷഭരിതമായ വർത്തമാനകാലത്തിന്റെ വ്യാകുലതകളാണ് ഇനിയും ചില കവിതകൾ. ക്രമരഹിതമായി തിരഞ്ഞെടുത്ത നാലു സ്വതന്ത്ര മൊഴിമാറ്റങ്ങളും.

ആധുനിക മലയാള കവിതാലോകത്തെ കീഴ്‌വഴക്കങ്ങളിൽ നിന്നും മാറിസഞ്ചരിക്കാൻ ഇഷ്ടപ്പെടുന്നു, കവി.

# ഗ്രന്ഥകർത്താവ്

പ്രിയവ്രതൻ



പ്രിയവ്രതൻ സത്യവ്രതൻ
contact: priyan2all[@]gmail.com

# സമർപ്പണം

അച്ഛനും ഗുരുവും ആയ കെ.വി. സത്യവ്രതനു സമർപ്പിക്കുന്നു.

അനുഭവങ്ങൾ, അതാണ് എന്നെ എഴുത്തുകാരനാക്കിയത്. അവയോടു ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നു!

2010 ൽ ലണ്ടനിൽ ആരംഭിച്ച 'കട്ടൻകാപ്പിയും കവിതയും' എന്ന കൂട്ടായ്മ എന്നിലെ സൗന്ദര്യാരാധകനെ ഒരുപാടു വളർത്തി. വായിക്കാതെ വായിച്ചും, കാണാതെ കണ്ടും, നിശിതമായി വിമർശിക്കപ്പെട്ടും, ചിന്തയുടെ പുതു ധാരകളിലേക്ക് നയിക്കപ്പെട്ടും ഒരിക്കലും മറക്കാൻ കഴിയാത്ത ഒരജ്ഞാതവാസം. 2010 നു ശേഷം എഴുതിയതാണ് എല്ലാ കവിതകളും. കൂട്ടായ്മയിലെ ഓരോ അംഗത്തോടും സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

എഴുത്തിന്റെ വഴിയിൽ എന്റെ കുടുംബം ഓരോ ചുവടിലും ഒപ്പമുണ്ടായിരുന്നു. ജയയും, കാവ്യയും, ഗഗനയും...

പിന്നെ അറിയപ്പെടാത്ത എത്രയോ പേർ; അഥവാ അറിയാതെ പോയ എത്രയോ പേർ....

അക്ഷരങ്ങളിൽ മഷി പുരണ്ടു കാണുക എന്നതു ഒരു വൃക്ഷം മുറിക്കപ്പെടാതിരിക്കാനുള്ള അതിന്റെ ആഗ്രഹത്തെക്കാൾ എത്രയോ നിസ്സാരമാണ്. അതിനു മുന്നിൽ ഞാൻ കീഴടങ്ങുന്നു. ഉടമ എന്ന അവകാശവാദം ഇവിടെ ഉപേക്ഷിക്കുന്നു. ഇനി ഇത് വായനക്കാർക്കുള്ളതാണ്.

# ഉള്ളടക്കം


- സമതലങ്ങളിലെ ശലഭങ്ങൾ
- ഷെല്ലിയിലേക്കുള്ള വഴി
- രജതകുംഭം
- ഏണിയും പാമ്പും
- സ്യമന്തകം
- മതം മടുക്കുമ്പോൾ
- അപരാഹ്നം
- പ്രവാസം
- ഓർക്കുന്നു നിരന്തരം
- തീരെച്ചെറിയ ഉറുമ്പുകൾ
- ഇരുൾയാത്രകൾ
- നഗരശില്പി
- സഖാന്ദ്ര
- മന്ദസമീരണൻ
- നമ്മൾ
- കടലിരമ്പുന്നു
- ഇന്നലെകൾ
- നിർബോധനം
- തിരകൾ എണ്ണുമ്പോൾ
- പന്തയക്കുതിരകൾ
- പാൽമിറയിലെ കമാനങ്ങൾ
- ഒരു പൈങ്കിളിക്കവിത
- ബിംബിസാരന്റെ യാഗശാല
- ഒരു തിരി കൊളുത്തട്ടെ!
- അവത്
- വഴിയും കാൽപ്പാടും
- ഇതു പ്രളയകാലം!
- നളന്ദയിലെ മിന്നാമിനുങ്ങുകൾ
- താതാത്മജം
- സൂര്യനായ്, സൂര്യപ്രവേഗമായ്
- ഗ്രാമാന്തരം
- ഇന്ദ്രജാലം
- മഞ്ഞു പുതച്ചുറങ്ങിയ സംവത്സരങ്ങൾ
- ജൈവവളം

- ശത്രുപക്ഷം
- ഒമർഖയാം ചിരിക്കുമ്പോൾ
- പറയാതെപോയ കപോതങ്ങളെ
- കണ്ടുവോ സോക്രട്ടീസേ
- അഹല്യ
- കോട്ടു തുന്നുന്നവർ
- കാത്തിരിപ്പ്
- താമ്രപർണ്ണി
- അനന്തരം
- വഴി അവസാനിക്കുമ്പോൾ പന്തു നീട്ടി അടിക്കുക


## ഭാഷാന്തരം


- മിഖായേൽ
- ഉത്തരം സ്പഷ്ടമാണല്ലോ കാറ്റിൽ
- പൂർണേന്ദുവും ഒഴിഞ്ഞ കരങ്ങളും
- മുറ്റത്തു നിന്നൊരു ഗീതം

# സമതലങ്ങളിലെ ശലഭങ്ങൾ

തരളം മനോരഥമണ്ഡലമുലയ്ക്കുന്ന
പനിനീർ  പുഷ്പത്തിന്റെ താരുണ്യലഹരിയിൽ,
ചുടുനിശ്വാസത്തിന്റെ ധാരപോൽ വസന്തത്തിൻ
നിറവും കടംവാങ്ങിയമരും ശലഭങ്ങൾ;
മറ്റൊരു വസന്തമായിളകിക്കളിച്ച തൽ
പക്ഷങ്ങൾ ഒരുവേള നിശ്ചലമാക്കി ധ്യാന -
ചിത്തനായ് ഋതുപൂജയ്ക്കെത്തുവാനെന്തേ വൈകി?

മഹിയിൽ ജീവന്റെസമസ്യയ്ക്കു പൊരുൾതേടി
അലയുന്നനന്തമാം യാത്രയിൽ ശലഭങ്ങൾ;
നിമിഷാർദ്ധങ്ങൾകീറി നെയ്തമൗനത്തിൻ നേർത്ത
പുടവയ്ക്കുള്ളിൽനിന്നും വിണ്ണിലേയ്ക്കുയരവേ
നിറഭേദങ്ങൾ, വർണ്ണസങ്കരമഴിച്ചിട്ട
തളിർമേനിയിൽപൂത്തു ഭാസുരവസന്തങ്ങൾ.

തളിർവെറ്റില കൂട്ടി മുറുക്കിച്ചുവപ്പിച്ച
കനിവിൻകുടന്നകൾ മഞ്ചാടിമണികളിൽ,
പുലരിക്കതിരുകൾ പച്ചിലച്ചാർത്തിൽ തട്ടി-
ച്ചിതറിത്തരിച്ചെത്തി ചുംബിച്ചു മടങ്ങവേ;
സമതലങ്ങളിൽ നീ മോഹനപ്രതീക്ഷതൻ
നിറവായ് പറന്നെത്തു, പൂർണ്ണകുംഭങ്ങൾ തീരെ-
ത്തളരാതുറങ്ങാതെ കാത്തിരിക്കുന്നു നിന്നെ.

ലയനം, മഹാർണ്ണവ സംഗമമൊരുക്കുന്ന
വിലയം, 'തിര' – മറിഞ്ഞുടലിന്റെ നടനം,
ഡമരുവിലുയരും വിശ്വതാളത്തിൻ മുഗ്ദ്ധ -
ചിത്തത്തിലൊരു നേർത്തപുഞ്ചിരി വിടരവേ,
അരിയപുഷ്പാംഗങ്ങൾ വീശി നീ അണഞ്ഞാലും
തരളസൗന്ദര്യമേ, കാത്തിരിക്കുന്നു ഞങ്ങൾ.

ഗിരിശൃംഗത്തിൻ ശീതഗഹ്വരങ്ങളിൽ, ഘോര-
തമസിന്നീറ്റില്ലമാം സാഗരഗർത്തങ്ങളിൽ
സ്ഥിരതൻ നിമ്നോന്നത മണ്ഡലങ്ങളിൽ, സൂര്യ-
കിരണം തിളപ്പിച്ച നിസ്തുലമണൽക്കാട്ടിൽ,
അണയാതിളകിത്തുടിക്കും ജീവനളിനം
വിടർന്നേഴുനിറമായ് കാർമ്മുകിലെയ്തീടുന്നു;
പിറവിക്കു നേരമായ്, അണയൂ നവാംബുവിൻ
ചിറകിലൊളിപ്പിച്ചൊരിന്ദ്രജാലവുമായി.

18.05.2016

# ഷെല്ലിയിലേക്കുള്ള വഴി

വീടിനുപുറകിലൂടെ കിഴക്കോട്ടു മൂന്നു മിനിറ്റ്.
'കാതറിൻറോഡി'ൽനിന്നും പള്ളിക്കരികിലൂടെ
ഒരു മൂളിപ്പാട്ടിന്റെദൂരം.
കെ ജി അങ്കിളിന്റെ വീടുകഴിഞ്ഞാൽ
ഇടതുതിരിഞ്ഞു, വളവുകഴിഞ്ഞു
വീണ്ടും ഇടതുതിരിയുക.

'ഇന്ത്യൻ സെറണ്ടി'* യുടെ ഇരുപത്തി നാലു ദലങ്ങളും വിടരുമ്പൊളേയ്ക്കും
'ഷെല്ലി അവന്യൂ' വിൽ എത്തിയിരിക്കും.
സ്വന്തംഏകാന്തതയ്ക്കു കൂട്ടായി
ഇരുളിൽനിന്നും പാടുന്ന വാനമ്പാടി...
നിന്റെ ജാലകച്ചുവട്ടിൽ ആരാണു കാത്തുനിൽക്കുന്നത്?

* The Indian Serenade by P.B Shelley

31.05.2017

# രജതകുംഭം

ഉരുകിത്തിളച്ചൊരാ സൗരയൂഥത്തില-
ന്നൊരു മഴത്തുള്ളി അടർന്നുവീണു,
പരിണാമ സാഗരത്തിരകളിൽ ആദ്യത്തെ
അനവദ്യബിന്ദുവായ് ഞാനുണർന്നു.
ധ്രുവദീപ്തി ചിന്തി, നിലാവിൻ മിഴിക്കോണിൽ
മൃദുതുഷാരാശ്രു തുളുമ്പിനിന്നു,
നിഴലും, നിലാവും കളിത്തൊട്ടിലാട്ടി ഈ
ബഹുകോശ വിസ്മയപ്പൂവിടർന്നു.

വനഭംഗി മൊത്തിക്കുടിച്ച വാർകൂന്തലി-
ന്നഴകെഴും ശൈലതടാകത്തിലെ
ജലദർപ്പണത്തിൽനിന്നാരോ വിരൽനീട്ടി
അരുമയായ് 'ആരെ'ന്ന ചോദ്യമെയ്തു.
പുഴയോടു കടലിനോടടവിയോടനിലനോ-
ടുഡുപരാഗാവൃത നഭസ്സിനോടും
അറിയുവാനായി തിരഞ്ഞിടത്തൊക്കെയും
ഒരുപാടുചോദ്യങ്ങൾ പൊന്തിവന്നു.
ഗിരിഗഹ്വരാന്ധകാരത്തിൽ പ്രതിധ്വനി-
ച്ചതു പടർന്നഗ്നിയായ് മാറീടവെ
അറിയാത്തതൊക്കെയും ഞാനൊരുവാക്കിന്റെ
രജതകുംഭത്തിൽ ഒളിച്ചുവച്ചു.

അറിയാത്തതിന്നെത്ര രൂപങ്ങൾ, ഭാവങ്ങൾ
കഥകൾ നൂറാരൊക്കെ നെയ്തെടുത്തു!
അറിയാത്തതിന്റെ അൾത്താരയിൽ എത്രയോ
ചുടുനിണമർപ്പിച്ചൊതുങ്ങിനിന്നു.
അറിയാത്തതിന്നവകാശികൾ ഭൂമിയെ
അരിയായി മെല്ലെപ്പകുത്തെടുക്കെ,
തിരിയൊന്നു കത്തിച്ചുവച്ചതിൻ വെട്ടത്തി-
ലിരുൾ പകുത്തേറെക്കടന്നുപോയി.
കനലും, നിലാവും, വിടർന്ന മന്ദാരത്തി-
നഴകും, ഋതുക്കളും, കല്ലോലവും,
അറിയവേ തിരിതീർത്ത നിഴൽകദംബം
രജതകുംഭത്തിലണഞ്ഞിടുന്നു.

ബഹിരംബരാരുണ ഗോളങ്ങളിൽ, ആദി
കണികകൾ വീണൊരീറ്റില്ലങ്ങളിൽ,
പ്രഭവപ്രസൂതിതൻ പേറ്റുനോവിൻ മുഗ്ദ്ധ
പ്രണവാരവാഘോഷ തീരങ്ങളിൽ,
അലയുന്നു ഞാനെൻനിഴലുമായി നവ്യ-
വഴികളിലെന്നും തിരഞ്ഞിടുമ്പോൾ
വളവുകൾക്കപ്പുറം 'അറിയാത്ത' തെന്നെന്റെ
നിഴലെന്റെ കാതിൽമൊഴിഞ്ഞിടുന്നു.

വനവാപി വറ്റിവരണ്ടു മന്വന്തര-
ച്ചെറുചില്ല എത്രയോ പൂവണിഞ്ഞു.
അറിയുവാനായില്ല തീർത്ഥനിഴൽ ചൂണ്ടി
അരുളിയതിന്നും തിരഞ്ഞിടുന്നു.
ഒഴിയവെതന്നെ നിറഞ്ഞിടും കുംഭത്തി-
ലിഴചുറ്റി ചൂതദലം നിറയ്ക്കേ
ഇടിമിന്നലേറ്റു ഭൂ കോരിത്തരിക്കുന്നു
ഇരുളിൽ ഞാനെന്നെ തിരഞ്ഞിടുന്നു.

26.08.2017

# ഏണിയും പാമ്പും

കലണ്ടറിനിരുപുറം നാമിരുപേർ,
പൊട്ടുകൾ തൊട്ട ചതുരക്കട്ട,
യാദൃശ്ചികതയുടെ വാതായനങ്ങൾ,
ചാഞ്ഞുപെയ്യുന്ന മഴയിൽ അടർന്നുവീഴുന്ന ഇലകൾ പോലെ
ദിനരാത്രങ്ങൾ,
ഏണിയിലേറി ഭാവിയിലേക്ക്,
കാഴ്ചവറ്റിയ ഫണിയിലേറി ഭൂതത്തിലേക്ക്.
സഖീ... ഇത് ഏണിയും പാമ്പും.

നാട്ടുമാങ്ങയ്ക്കു നീ കൊതിക്കുന്നുവോ?
അഹിയിലേറി നമുക്കു പിന്നോട്ടു പോകാം.
ദിനരാത്രങ്ങളുടെ തിരകൾ മുറിച്ചു
മഴയിൽ കുതിർന്ന ഉർവ്വിയിൽ
ഒരു തൈ നടാം.
വേനലിന്റെ വറുതിയിൽ വെള്ളമൊഴിക്കാം,
ഏണിയിലേറി മുന്നോട്ടു പോയി
ആദ്യകനിയിൽ വാത്സല്യത്തിന്റെ നിലാവു പൊഴിക്കാം,
വീണ്ടും മുന്നോട്ടു പോയി
പടർന്ന ചൂതശാഖയിൽ ഊഞ്ഞാലാടാം.
ചാഞ്ഞുപെയ്യുന്ന മഴയിൽ
ഉതിർന്നു വീഴുന്ന മാമ്പഴം ഓടിച്ചെന്നെടുക്കാം.

കണ്ണടക്കാരൻ സുഹൃത്തു പറഞ്ഞതുപോലെ,
(ഏണിയിലേറി ) നൂറ്റാണ്ടു കഴിഞ്ഞു നമുക്കു ജനിക്കാം.
ചൊവ്വയിലെ അങ്കക* കുടീരങ്ങളിൽ ഉറങ്ങിയുണരാം,
ദൂരദർശിനിയിലൂടെ ഉർവ്വിയെ നോക്കിക്കാണാം,
ചാഞ്ഞു പെയ്യുന്ന അമ്ലമഴയിൽ അലിഞ്ഞില്ലാതാകുന്ന
ജൈവരൂപങ്ങളെ ഓർത്തു നെടുവീർപ്പിടാം.

സഖീ... യാദൃശ്ചികതയുടെ മറ്റൊരു വാതിൽ തുറക്കുന്നു.
നമുക്കു വർത്തമാനത്തിന്റെ ആകുലതകളിലേക്കു മടങ്ങാം.
കലണ്ടറിലെ അക്കങ്ങളിൽ നിസ്സംഗരാകാം.
ചാഞ്ഞു പെയ്യുന്ന ഈ മഴയുടെ കുസൃതിയിൽ
നമുക്കൊരു കുടക്കീഴിൽ നനയാം.
ചെളിവെള്ളം തെറ്റിച്ചു പൊട്ടിച്ചിരിക്കാം.
വെറുതെ വെറുതെ പൊട്ടിച്ചിരിക്കാം...

* Digital huts
07.06.2017

# സ്യമന്തകം

ആരു കവർന്നു സ്യമന്തകം, ചൈത്രമെൻ
മാനസ വാതിൽ തുറന്ന നേരം?
ആരു വിമൂകം കടന്നുപോയീവഴി
ആരു കവർന്നു സ്യമന്തകം?

ആകാശഗംഗയിലേക്കു തുറക്കുമീ
ജാലകച്ചോട്ടിൽ തനിച്ചുനിൽക്കേ,
തൂമഞ്ഞുനീരിന്റെ കുഞ്ഞലച്ചാർത്തുകൾ
സ്നേഹമായെന്നെ തലോടിനിൽക്കെ,
ഏതോ നിശാഗന്ധി കാറ്റിനുനൽകിയ
ഭാവമരന്ദം കടന്നുപോകെ,
ഏതോ കടങ്കഥപോൽ വിരൽപ്പാടുകൾ
ആരുപേക്ഷിച്ചു മനസ്സിനുള്ളിൽ?

താമരത്താരിതൾ പാദങ്ങളർപ്പിച്ച-
താരോ മനസ്സിന്നകത്തളത്തിൽ.
ശാരദാകാശമോ, താരങ്ങളോ, കുളിർ
ചാമരംവീശും മണിത്തെന്നലോ?
ആരു പറഞ്ഞിടുമെൻമണിച്ചെപ്പിൽ നി -
ന്നാരു കവർന്നു സ്യമന്തകം?

ദൂരെ നിശീഥത്തിലേക്കു പറന്നുപോം
ചാരുപതംഗങ്ങൾ കൂടണയേ,
പേരറിയാത്തൊരു നൊമ്പരപ്പൂക്കളിൽ
ഞാനറിയാതെ മറന്നു നിൽക്കെ,
ആരു കവർന്നെടുത്തെൻ മണിച്ചെപ്പിൽ നി -
ന്നേഴഴകുള്ള സ്യമന്തകം?
ഏഴഴകുള്ള സ്യമന്തകം?

05.10.2016

# മതം മടുക്കുമ്പോൾ

അതു നീ ആണെന്ന് അറിയാൻ കഴിയാതെ വരുമ്പോൾ
പകൽ വെളിച്ചത്തിലേക്ക് ഇറങ്ങിച്ചെല്ലുക;
അവിടെ ഒരു സൂര്യനായി നീ എരിയുന്നുണ്ടാവും.

നീ അതുതന്നെ എന്ന് ഇനിയും അറിഞ്ഞില്ലെങ്കിൽ
നദിയോരത്തേക്കു പോവുക;
അവിടെ ഒരായിരം മീനുകൾക്കൊപ്പം
നീ കൂത്താടുന്നുണ്ടായിരിക്കും.

നിന്നെപ്പോലെ അയൽക്കാരനെ സ്നേഹിക്കാൻ കഴിയാതെവരുമ്പോൾ
അറവുശാലയുടെ പടികടന്നു ചെല്ലുക;
കാരുണ്യത്തിനായി ദാഹിക്കുന്ന നിന്നെ
അവിടെ കാണേണ്ടി വരും.

ആചാരങ്ങൾ നിന്നെ ബന്ധനസ്ഥനാക്കുമ്പോൾ
പർവതങ്ങളുടെ ഉയരങ്ങൾ തേടുക;
അവിടെ ശുദ്ധസ്വാതന്ത്ര്യത്തിൽ നിനക്കു വിലയം പ്രാപിക്കാം.

ഇല്ലാത്ത സ്വർഗം നിന്നെ ഇനിയും പ്രലോഭിപ്പിക്കുമ്പോൾ
മണ്ണിരയുടെ മാളത്തിലേക്ക് ഇഴഞ്ഞുചെല്ലുക;
പാതാളത്തിലെ സ്വർഗത്തിൽ നിനക്കും ഒരു രാത്രി കഴിയാം.

കുരുടനായ പുരോഹിതൻ നിൻറെ പണത്തെ അമിതമായി സ്നേഹിക്കുമ്പോൾ
വൻ മരങ്ങൾക്ക് ചോട്ടിലൂടെ സാവധാനം നടക്കുക;
കൊഴിഞ്ഞു വീഴുന്ന ഇലകൾ നിനക്കു മംഗളം അരുളുന്നുണ്ടാവും.

നവഗ്രഹങ്ങളും നക്ഷത്രങ്ങളും നിന്നെ തോൽപ്പിക്കുമ്പോൾ
നിലാവിലേക്ക് ഇറങ്ങിപ്പോവുക;
നീല കിരണങ്ങളിൽ നിനക്കൊരു പാട്ടായി അലിഞ്ഞു ചേരാം.

പുണ്യപാപങ്ങളുടെ കുമ്പസാരക്കൂടുകൾ മാടിവിളിക്കുമ്പോൾ
മഴയിലേക്ക് ഇറങ്ങിപ്പോവുക;
പ്രകൃതിയുടെ കണ്ണീരിൽ നീ വിശുദ്ധനായിത്തീരും.

മതം മടുക്കുമ്പോൾ സോദരാ
കവിതയിലേക്ക് നീ ഇറങ്ങി വരിക;
അവിടെ നീ ദൈവം മാത്രമായിരിക്കും.

21.12.2015

# അപരാഹ്നം

ഇഴകൾപിരിഞ്ഞു പടർന്നൊരീശാഖിതൻ
തണലിന്റെ സാന്ത്വനം ഏറ്റുവാങ്ങിടവേ,
അകലത്തിലെങ്ങോ മുറിഞ്ഞഗാനത്തിന്റെ
അവസാന നാദത്തിലോർക്കുന്നു നിന്നെ ഞാൻ.

നിറമുള്ള ബാല്യകാലത്തിൻ മണിച്ചെപ്പു
പതിയെത്തുറന്നു നീ മുന്നിലെത്തീടുന്നു,
കലഹിച്ചു തല്ലിക്കളിച്ചു നാം പിന്നെയും
കഥയുടെ തീരത്തു കണ്ടുമുട്ടീടുന്നു.

വെയിലിന്റെ പട്ടുടുപ്പിട്ടു നാമാനാട്ടു-
വഴിയിലെ തെച്ചിപ്പഴം നുകർന്നെത്രയോ
കഥകൾ, കടംകഥ ചൊല്ലിയിട്ടും യാത്ര-
പറയാതെ ദൂരേയ്ക്കുപോയി നീ എന്തിനോ!

ഒരുമിച്ചു നീന്തിത്തുടിച്ചൊരാ പുഴയിലൂ-
ടൊഴുകിക്കടന്നുപോയ് കാലം നിലയ്ക്കാതെ,
പുളിനത്തിൽ നിന്റെ കാൽപ്പാടുകൾ പതിയുവാൻ
പുഴകാത്തിരിക്കുന്നു സായന്തനങ്ങളിൽ.

അകലത്തിലേക്കു പറന്നുപോയെങ്കിലും
ഒരുവാക്കുചൊല്ലാതെ നീ മറഞ്ഞെങ്കിലും
ഒളിമങ്ങിടാത്ത നിന്നോർമ്മകൾ നെഞ്ചക-
ത്തണയാതെ കത്തുന്നു നോവിന്റെനാളമായ്.

പഴയൊരാരൂഞ്ഞാലും, കിളിച്ചുണ്ടനും, ശോണ
നിനവുറങ്ങും കൊച്ചു മഞ്ചാടിവൃക്ഷവും,
ഒരുപിടി ഓർമ്മതൻ ചില്ലിട്ടചിത്രത്തി-
ലറിയാതെ നീയുമെൻ തോഴാ കടന്നുപോയ്.

വെയിലമർന്നീടുന്നു, കാറ്റിൻ കരങ്ങളെൻ
കവിളിൽ തലോടിക്കടന്നുപോയീടുന്നു,
അകലത്തിലെ നാദവീചിയായ് നീ ഏതു
പഥസന്ധിയിൽ യാത്രതുടരാൻ കൊതിക്കുന്നു?

16.06.2016

# പ്രവാസം

'വാൾപേപ്പർ' ഒട്ടിച്ച ഭിത്തിയിൽ ഒരാണി.
ആണിയിൽ ചരിഞ്ഞു തൂങ്ങി ഒരു ദ്വിമാനചിത്രം.
ചിത്രത്തിൽ ഘനീഭവിച്ചകാലം.
കാലത്തിൽ പഴയ മുഖങ്ങൾ.
മുഖങ്ങളിൽ വിരിയുന്ന ഭാവങ്ങൾ.
ഭാവങ്ങളുടെ ഇടവേളകളിൽ നീണ്ട മൗനം.
മൗനം വർത്തമാനത്തിലേക്കു ചേക്കേറുന്നു...

* * * * * * * * * * *

ഗ്രാമാതിർത്തിയിൽ വച്ച് ഒന്നുകൂടി തിരിഞ്ഞുനോക്കി.
പിന്നെ, കാലത്തെ ഘനീഭവിപ്പിച്ചു ദ്വിമാനചിത്രമാക്കി
പെട്ടിയിലേക്കു തള്ളിക്കയറ്റി.
യാനത്തിൽ തിരഞ്ഞതു മുഖങ്ങളായിരുന്നു.
അച്ചാറും, കാച്ചെണ്ണയും പുരണ്ട ചിത്രംചൂണ്ടി
ചുങ്കക്കാരൻ കണ്ണുരുട്ടി.
"ഭൂതകാലമാണു സർ, ഇടയ്ക്കു താലോലിക്കാനാണ്"
ഉത്തരത്തിൽ അയാൾ തൂങ്ങി;
ആണിയിൽ ചിത്രവും.

മകരത്തിലും, മേടത്തിലും, ചിങ്ങത്തിലും
ചിത്രത്തിനുള്ളിലേക്കു നൂണ്ടുകയറി.
കാലുകൾ മാത്രം പുറത്തു തൂങ്ങിക്കിടന്നു.
വർത്തമാനത്തെ ഭൂതംകൊണ്ടു ഹരിച്ചു,
ബാക്കിവന്നതു വർത്തമാനത്തോടൊപ്പം കൂട്ടി.
മുഴച്ചു വികൃതമായ വർത്തമാനത്തിൽ
കാലംതെറ്റിയ മൗനം പൊടിപിടിച്ചുകിടന്നു.
-ഒരബദ്ധം പോലെ.

31.08.2017

# ഓർക്കുന്നു നിരന്തരം

(പി. ഭാസ്കരൻ എഴുതിയ "ഓർക്കുക വല്ലപ്പോഴും" എന്ന കവിത പരിചയപ്പെട്ട ശേഷം ഇതു വായിക്കുക. Search in youtube)

യാത്രയാക്കി, പണ്ടിരുവാക്കുകൾ മണിക്കാറ്റിൻ
ഗാത്രത്തിലുഴിഞ്ഞു നീ, "ഓർക്കുക വല്ലപ്പോഴും".
മാത്രകൾ ഋതുക്കളായ് മുന്നോട്ടുകുതിക്കുമ്പോൾ
രാത്രികൾമന്ത്രിക്കുന്നു "ഓർക്കുക വല്ലപ്പോഴും".

ഓർക്കുന്നു ഞാനോ തീർത്ഥയാത്രയാമിജ്ജീവിത
യാത്രയിലുടനീളം, എത്രയോ മധുരമായ്.
പണ്ടത്തെ കളിത്തോഴൻ കവിളിൽ പകർന്നോരാ
ചെണ്ടലർ സൗരഭ്യത്തിന്നോളങ്ങൾ പരക്കുന്നു.
ആദ്യചുംബനത്തിന്റെ മധുരം മറവിക്ക-
ഭേദ്യമാണെന്നെങ്കിലും മറക്കാൻ കഴിയുമോ?

പണ്ടിരുപൂമ്പാറ്റകൾ ഇളകിക്കളിച്ചൊരാ
ചെമ്പകച്ചെറുമരച്ചോട്ടിലെ കളിവീട്ടിൽ,
വാക പൂത്തുലഞ്ഞൊരാ പാതയോരത്തിൽ, സർഗ്ഗ
പാദുകമണിഞ്ഞെത്തും ഭൃംഗങ്ങൾ ലസിക്കുന്ന
വാസന്തവനികളിൽ, ശാദ്വലതീരങ്ങളിൽ,
വാസരക്കിനാവുകൾ പങ്കിട്ട മധ്യാഹ്നത്തിൽ...
യാത്ര പോകാറുണ്ടു ഞാൻ, മാനസരഥമേറി
മാത്രയിൽ, സ്മരണതൻ മാധവമണയുമ്പോൾ.

എന്തു നീ നീട്ടീല വിടർത്തിയകരങ്ങളീ
ബന്ധുര വനജ്യോത്സ്ന പടരാൻ കൊതിച്ചപ്പോൾ?
എന്തു നീ ക്ഷണിച്ചീല നീഡത്തിനിളംചൂടിൽ
സ്വന്തമാക്കുവാൻ മാത്രം എത്രമേൽ കൊതിച്ചപ്പോൾ?
എന്തു നീ പറഞ്ഞീല ഹൃത്തിലെ വികാരങ്ങൾ
സന്തതം കേൾക്കാൻമാത്രം കാതുകൾ കൊതിച്ചപ്പോൾ?
എന്തു നീ നിസ്സംഗനായ് കേവല നിരാലംബ
സന്താപഭരിതമായെന്നകം പിടഞ്ഞപ്പോൾ?
... എങ്കിലും മറക്കാനാവില്ല നീ വരച്ചിട്ട
തങ്കരേഖകളുള്ളിൽ മായാതെകിടക്കുമ്പോൾ.
... എങ്കിലും മറക്കുവാനാകില്ല നീ മീട്ടിയ
സുന്ദരരാഗങ്ങളീ മേനിയിലൊഴുകുമ്പോൾ.

ഓർമ്മകൾ - ഗതകാല മൗക്തികമണിയാതെ
പൂർണ്ണമാകുമോ എന്നും കാലത്തിൻ കളേബരം?
ഓർമ്മതൻ സൗഗന്ധിക സൂനങ്ങൾ വിടരാത്ത
വാടികൾ വെറുമൊരു വന്ധ്യമാം മണൽപ്പുറം.

മുറ്റത്തു കുസൃതിക്കുരുന്നുകൾ കളിക്കുന്നു
മറ്റൊരു മാകന്ദമിച്ചാരത്തു മരുവുന്നു.
അന്നു നീ മറന്നൊരാ മല്ലികലർവാടി
ഇന്നിതാ പുഷ്പിച്ചാകെ സൗരഭം പരത്തുന്നു.
ഭാസുര സമൃദ്ധമിജ്ജീവിതമെന്നാകിലും
ഭാരങ്ങളിറക്കുവാൻ അത്താണിയുണ്ടെന്നാലും
വേർപ്പുതുള്ളിപോലുള്ളിൽ പൊടിയും സ്മരണകൾ
വീർപ്പുമുട്ടലിന്നുഷ്ണ ധാരകളുതിർക്കുന്നു.

യാമങ്ങൾ തിഥികളായ് വർഷങ്ങളായെങ്കിലും
ജീവിതം സമാന്തര രേഖകളായെന്നാലും
താവക മിഴിക്കോണിൽ തുളുമ്പും തീർത്ഥത്തിന്റെ
സ്നാനഘട്ടത്തിലീറൻ മാറുവാൻ കൊതിപ്പു ഞാൻ.

വാക്കുകൾക്കതീതമീ മൗനത്തിൻ മണിയറ
ഓർക്കുവാൻ കരുതിയ പിഞ്ചരികാഗ്രത്താൽ ധന്യം.
യാത്രയിൽ കരുതിയ പാഥേയം സ്മരണകൾ,
പാത്രത്തിൽ മറ്റൊന്നില്ല, ശൂന്യമീ മനോമയം.

യാത്രയാക്കി നീ, രണ്ടു വാക്കുകൾ ഇളംകാറ്റിൻ
ഗാത്രത്തിലുഴിഞ്ഞിട്ടു "ഓർക്കുക വല്ലപ്പോഴും".
ഓർക്കുവാൻ കഴിയാതിരിക്കുവാൻ കഴിയില്ല
കാറ്റു വന്നുണർത്തുന്നു, ഓർക്കുന്നു നിരന്തരം.

20.08.2017

# തീരെച്ചെറിയ ഉറുമ്പുകൾ

അതുകൊണ്ടാവാം അവയെ ആരും കാണാതെപോകുന്നത്.
അതുകൊണ്ടു തന്നെ ആവാം അവയെ ആരും കേൾക്കാതെ പോകുന്നത്.
അതുകൊണ്ടു തന്നെയാണ് അവയെ ആരും അറിയാതെ പോകുന്നത്.
യഥാർത്ഥത്തിൽ അറിയാതെ പോകുന്നത് ഒരു നഷ്ടമല്ല.
അറിഞ്ഞതാണു നഷ്ടം!

തീരെച്ചെറിയ കാലുകൾ പരത്തി,
ആ വലിയ ഹൃദയം ഭൂമിയോടു ഏറ്റവും കൂടുതൽ ചേർത്തുകൊണ്ടവ
എല്ലാവരും തോൽപ്പിക്കുന്ന വേഗതയിൽ മുന്നോട്ട് പോകും.
ആരും തന്നെക്കാൾ ചെറുതാകാൻ അനുവദിക്കാതെ,
ആരെയും നിശ്ശബ്ദരാകാൻ അനുവദിക്കാതെ
അവ മണ്ണിന്റെ നനവു നുകരും.
പിന്നെ വളർന്നുവലുതാവുന്ന വടവൃക്ഷങ്ങളുടെ ചോട്ടിൽ
തളർന്നുറങ്ങും.
അലറിവീശുന്ന തെക്കൻകാറ്റിനൊപ്പം
അവ മേഘങ്ങളെ ചുംബിച്ചു പറന്നുപോകും.
പ്രളയത്തിന്റെ ഏകതാനതയിൽ
ഒരു പൊങ്ങുതടിപോലെ ഒഴുകിഅലയും.
തന്നെക്കാൾ ചെറിയസ്വപ്നങ്ങളിൽ അവ രമിക്കും.
ചെന്നായയുടെ ഒരു നേരത്തെ
വിശപ്പടക്കാൻ പോലും കഴിയാത്ത
തന്റെ വലുപ്പത്തെ ഓർത്തു മാത്രം ദുഖിക്കും.

നിങ്ങൾ കണ്ടുവോ
കരഞ്ഞുകലങ്ങിയ കണ്ണുമായി
ഉഴറിയോടിയ
എന്റെ തീരെച്ചെറിയ ഉറുമ്പുകളെ?

14.6.2017

# ഇരുൾയാത്രകൾ

പഥികാ നീ എന്തിനു വഴി തടഞ്ഞു, ശീത-
മിരുൾമൂടി, വിജനമാവഴിയിടത്തിൽ?
ഇരുളിൽ നിന്നിരുൾപോലെ നീ അണഞ്ഞു, നേത്ര
പടലത്തിലിരുളിന്റെ കുടമുടഞ്ഞു.
ഉരുകിത്തിളച്ചുപോയ് അറിയാതെ ഞാൻ, കോപ
ജലധാരയുള്ളിൽ പതഞ്ഞുകേറി.
ഉരിയാടിയില്ല ഞാൻ, നീയുമേവം, പിന്നെ
അപരാധിയെപ്പോലെ നീ മറഞ്ഞു.
ഒരുവേള നിന്നു, തിരിഞ്ഞു നോക്കി, നിന്റെ
മിഴിതടത്തിൽ തുലാമഴ ഇടിഞ്ഞോ?

ഇരുളിലേക്കാണ്ടു പോയ് നീയെങ്കിലും, എന്നിൽ
നിറയുന്നു നിൻ ദീന, വ്യഥിത രൂപം;
നിഴലായി പിന്തുടർന്നീടുന്നുവോ, ഉച്ച
വെയിലിലും, ശാന്തസായാഹ്നത്തിലും!

പഥികാ നീ എന്തിനു വഴി തടഞ്ഞു, ഗർവ്വ
മഹലിലേക്കുള്ളൊരെൻ രഥയാത്രയിൽ;
നിബിഢശിലാസ്ഥൂപമണ്ഡപങ്ങൾ, തല്ലി
ബഹുധൂളിയാക്കിക്കടന്നുപോകെ?
ഹിമ മേഘപാളികൾ കുടചൂടുമീ, ഘോര
കഠിനാന്ധകാരത്തുരുത്തിലേകൻ;
ഒരു ചോദ്യചിഹ്നപ്പൊരുൾ പോലെ നീ, എന്റെ
ഉടയാടകൾ ചീന്തിഎറിയുന്നുവോ?
പറയൂ നീ എന്തിനെൻ വഴി തടഞ്ഞു, ക്ഷിപ്ര-
മിരുൾയാത്രകൾക്കു നീ വില പറഞ്ഞു?
എവിടെ ഞാൻ ചൊല്ലിപ്പഠിച്ച പാഠം, എന്റെ
തുണയായി മാറാഞ്ഞതെന്തുകൊണ്ടോ?

പഥികാ നീ എന്തിനു വഴി തടഞ്ഞു, നിത്യ
ജഠരാഗ്നി കൊണ്ടോ, പിപാസ കൊണ്ടോ?
തലചായ്ക്കുവാനിടം തേടിയിട്ടോ, ബന്ധു
നിലയങ്ങളവിടെ തിരഞ്ഞുകൊണ്ടോ?
ശരണാർത്ഥി ആയിട്ടണഞ്ഞതാണോ, ദീന
കഥ പങ്കിടാൻ കൂട്ടുതേടിയാണോ?
നിലപോയി ജീവിതപ്പെരുവഴിയിൽ, മൂക
ബലിമൃഗമായിട്ടണഞ്ഞതാണോ?
അറിയാതെപോയി, ഷഡിന്ദ്രിയത്തിൽ, നിന്റെ
നിലയോ, നിലാവോ തെളിഞ്ഞതില്ല.
ഇനി ഏതുദിക്കിൽ നാം കണ്ടുമുട്ടും, നിന്നെ
ഒരു നോക്കു കൊണ്ടാടലാറ്റിടുവാൻ.
ഇനി ഏതു വഴിയമ്പലത്തിണ്ണയിൽ, നിന്റെ
വിറയാർന്ന കൈകൾ തലോടിടും ഞാൻ?

04.02.2017

# നഗരശില്പി

വിള്ളലിനു കീഴിൽ പെരിയ താഴികക്കുടം.
ചത്വരങ്ങളിൽ
വാഹനങ്ങളുടെ സംഗീതമേളം.
അംബരചുംബികൾക്കിടയിൽ
കരിധൂളിയുടെ കോടമഞ്ഞു.
റേന്തയിട്ട ജാലകവിരികളിൽ
കാർബൺ മോണോക്സൈഡിന്റെ കുളിർതെന്നൽ.
മാലിന്യപ്പുഴയ്ക്കു മുകളിൽ ഒരാരാമം.
മേൽപ്പാലങ്ങളുടെ ഇണചേരലിൽ
നൈട്രജൻ ഡൈഓക്സൈഡിന്റെ ജീവധാര.
കഴുകി വെടിപ്പാക്കാൻ
അല്ലവാഹിനി പുതുമഴ.
നുണപറയുന്ന പരസ്യപ്പലകകൾ.
വഴിതെറ്റിക്കാൻ വിളക്കുകാലുകൾ.
സന്തോഷിക്കാൻ മാളുകൾ.
ഒളിച്ചിരിക്കാൻ ഭൂഗർഭനിലകൾ.
പൊട്ടിച്ചിരിക്കാൻ മദ്യശാലകൾ.
വിയർക്കാൻ ജിമ്മുകൾ.
സ്നേഹിക്കാൻ രതിശാലകൾ.
രക്ഷപ്പെടാൻ സെമിത്തേരികൾ.
ഉറങ്ങാത്ത രാത്രിക്കു കൂട്ടായി
ഉറക്കംതൂങ്ങുന്ന പകലുകൾ.

യമപുരി പടുത്തുയർത്തിയ ശേഷം മയൻ
ദീർഘകാല അവധിയിൽ പ്രവേശിച്ചു.
സാനിട്ടോറിയത്തിനു മുന്നിലെത്തി
മുകളിലേക്കു നോക്കി.

താഴികക്കുടത്തിനു മുകളിലെ വിശാലമായ വിള്ളലിലേക്ക്.

14.12.2017

# സഖാംന്ദ്ര

സഖാംന്ദ്ര - നീ എത്രയോ പരിണമിച്ചിരിക്കും
(ഇരു ദശകത്തിനിപ്പുറത്തെ എന്നെപ്പോലെ).

കന്നിന്റെ കുടമണിയിൽ ഉണരുന്ന നിന്റെ പ്രഭാതങ്ങൾ,
വേനലിന്റെ വറുതിയിൽ വരണ്ടു പോകുന്ന അരുവികൾ,
മഴ കിളിപ്പിച്ച വിത്തുകൾ,
വൈക്കോൽമണംപേറുന്ന സന്ധ്യകൾ,
നാട്ടുകൂട്ടത്തിനു തണലേകുന്ന മുത്തച്ഛൻപേരാൽ,
ജാമുൻപഴങ്ങളുടെ വയലറ്റിൽചിരിക്കുന്ന കുട്ടികൾ,
നിലാവുപരത്തുന്ന കർഷകർ,
വിശാലമായ കുളം, മൺപാതകൾ,
നേരത്തെയുറങ്ങുന്ന രാത്രികൾ,
കാലത്തിന്റെ പരിച്ഛേദമായി ഓർമയിൽ നീ എന്റെ പ്രിയ സഖാംന്ദ്ര

സഖാംന്ദ്ര - എന്റെ വരണ്ട പകലുകളിലെ പച്ചയാണ് നീ.
സഖാംന്ദ്ര - എന്റെ നനഞ്ഞ വർഷങ്ങളിലെ വെയിലിന്റെ ചൂടാണു നീ.
സഖാംന്ദ്ര - എന്റെ ഇരുണ്ട രാത്രികളിലെ നിലാവിന്റെ സാന്ത്വനമാണു നീ.
സഖാംന്ദ്ര - എന്റെ തീ പിടിച്ച നിമിഷങ്ങളിലെ ആലസ്യമാണു നീ.

പ്രിയ സഖാംന്ദ്ര - നിന്നിലേക്ക് മടങ്ങാൻ മാത്രം എനിക്കാവില്ലല്ലോ!
ചെറുപ്പം വിട്ടുമാറാത്ത ഓർമ്മകൾ;
അവയ്ക്കു മുകളിൽ നിന്റെ പുതിയ ചിത്രങ്ങൾ
എനിക്കു വേദനയാണല്ലോ!
ഉറങ്ങാത്ത രാത്രികളും, മലിനമായ വഴിയോരങ്ങളും,
കർഷകരൊഴിഞ്ഞ മണ്ണുമായി,
ജാമുൻ മരങ്ങളില്ലാത്ത നാഗരികതയിലേക്കു
നീയും ചേക്കേറിയിരിക്കും.
പരിണാമം, അതെന്നെപ്പോലെ നിനക്കും ഒഴിവാക്കാനാവില്ലല്ലോ!

ഓർമ്മയിലെ സഖാംന്ദ്ര യാണ് എനിക്കിപ്പോഴുമിഷ്ടം.
എന്നോടു നീ പൊറുക്കുക!

*സഖാംന്ദ്ര - ഗുജറാത്തിലെ ഒരു ഉൾനാടൻ ഗ്രാമം.
20.04.2016

# മന്ദസമീരണൻ

വെണ്മുകിലാട്ടിൻകിടാങ്ങളെ മേച്ചു നീ
തെന്നലേ പോകുവതേതുദിക്കിൽ?
ഇന്ദുഗോപങ്ങൾ നിശാനൃത്തമാടുന്ന
ഇന്ദ്രസഭാതല സീമയിലോ?
ഇത്തിരിവെട്ടം കൊളുത്തിക്കളിക്കുന്ന
കൊച്ചുകുമാരികൾ താരകങ്ങൾ,
ഇച്ചെറുമുറ്റത്തെ സൗഗന്ധികങ്ങളെ
ഉറ്റുനോക്കുന്നതു നീ അറിഞ്ഞോ?
ഒത്തിരി ദൂരത്തിലല്ലേ കുമാരികൾ-
ക്കെത്രമേലിഷ്ടമണഞ്ഞീടുവാൻ!
ഒപ്പം കളിക്കുവാനിഷ്ടമാണെങ്കിലും
ഇത്രമേൽ വൈകുവതെന്തു നൂനം?
കൊച്ചരിമുല്ലയും, ചെമ്പകവും നിലാ-
വിറ്റു നുകർന്നു മയക്കമായി.
പിച്ചക സൂനങ്ങളെപ്പൊഴോ മഞ്ഞിന്റെ
പട്ടുറുമാലു പുതച്ചുറങ്ങി.
ചിത്രവനത്തിലെ രാപ്പാടി പാടുന്നു
മുഗ്ദ്ധ മനോഹര ഭാവഗാനം.
പച്ചിലക്കാട്ടിലൊളിച്ച ചെമ്പോത്തുകൾ
ഉച്ചത്തിലെന്തോ പറഞ്ഞിടുന്നു.
ചില്ലു പാത്രം വീണുടഞ്ഞപോൽ കീടങ്ങൾ
ഉല്ലാസമേളം മുഴക്കിടുന്നു.
ഇപ്പൊഴുമെത്താത്തതെന്തേ കുമാരിമാ-
രിച്ചെറു വാടീനികുഞ്ജങ്ങളിൽ.
ഒത്തിരി ദൂരം മരന്ദം വഹിച്ചു നീ
എത്തുമോ നക്ഷത്ര മണ്ഡപത്തിൽ?
കൊച്ചു കുമാരിയോടിഷ്ടങ്ങൾ ചൊല്ലുമോ
മെച്ചം കടംകഥ ചൊല്ലിടുമോ?
അക്ഷയ ദീപം തെളിച്ചു പൂർവാംബര
ദിക്കിൽ വിവസ്വാനണഞ്ഞീടവേ,
പക്ഷങ്ങളിൽ ഹിമബിന്ദുക്കൾ ചാർത്തി നീ
എത്തുമോ മന്ദസമീരണനായ്?

11.06.2016

# നമ്മൾ

പുഴ നീന്തി വരുന്ന നിലാവിൻ
കുളിരിൽ ചെമ്പക മണമുതിരുമ്പോൾ,
തിരുനെല്ലിക്കാട്ടിലെ ഇല്ലി-
ത്തറയിൽ സർപ്പമുണർന്നു വരുമ്പോൾ,
ഉറയൂരി വരുന്ന കിനാവുകൾ
തിറയാടി എഴുന്നെള്ളുമ്പോൾ,
ഉണരൂ പൈങ്കിളി നീ ഒരു കസവിൻ
ചേലയിൽ കമുകിൻപൂക്കുല പോലെ.

ചൊടിയിൽ പുഞ്ചിരി പൂത്തിരി കത്തി-
ച്ചണിവിരൽ കൊണ്ടൊരു തൊടുകുറി ചാർത്തി,
മുടിയിൽ തുളസിക്കതിർ മണമേന്തി
പുലരി വെളിച്ചം പോലണയൂ നീ.

അലറി വിളിച്ചു വരുന്നൊരു കാറ്റാ-
യവിടിവിടങ്ങളിൽ മണ്ടി നടന്നി-
ട്ടടിവയർ കാളി വരുന്നൊരു രാക്ഷസ-
നിതുഞാനഭയം തരുമോ ദേവി?

തകരകൾ പൂത്തൊരു ചെറു മണിമുറ്റ-
ത്തിരുളു മിരുട്ടിൽ ചെറുതിരി കൊണ്ടൊരു
കവിത രചിക്കും മിന്നാമിന്നികൾ
നിറയെ, രാക്കിളി നീട്ടിവിളിക്കെ,
കടമിഴിയാമൊരു കളിയോടത്തിൽ
കനവുകൾ തേടി അലഞ്ഞില്ലേ നാം?

ജനിമൃതി ഓളംതല്ലും ജീവിത
ജലനിധി ഓമൽക്കുമ്പിളിലാക്കി
മധുരിമയോടെ നുകർന്നില്ലേ നാം?
തരുനിര തണലുവിരിച്ചൊരു വഴിയിൽ,
കഥകൾ ചൊല്ലിനടന്നില്ലേ നാം?
കരിയില പാറിനടന്നൊരു വഴിയിൽ,
കരളിൻ ചിന്തുകൾ ചൊല്ലീലേ നാം?

പുലരിവെളിച്ചം കാണാത്തിരുളിൽ
നിഴലുകളായിട്ടലയെ വിരലിൽ
വിരലു കൊരുത്തൊരു മെയ്യകലത്തിൽ
ചിരിയുടെപടവുകളെണ്ണിക്കയറി
അരിയരഹസ്യം ചെറുനാണത്തി-
ന്നിതളുകൾകൊണ്ടു പൊതിഞ്ഞിട്ടിരുളിൽ
ചെറു നീർക്കുമിളകൾപോലെ പകർന്നതു,-
മതുകേട്ടൊരു കടലായി രാക്ഷസ
നലകളിലാഹ്ളാദത്തിൻ നുരകൾ,
അതിൽ നീ നീന്തി നടന്നതുമില്ലേ?

11.05.2016

# കടലിരമ്പുന്നു

കരിതരി നിറഞ്ഞന്തരീക്ഷമിരുളുന്നു.
കുടചൂടിനിന്ന വിൺപരിച തകരുന്നു.
ധ്രുവഹൈമശൃംഗങ്ങൾ ചടുലമുരുകുന്നു.
കലിപൂണ്ട സാഗരം കരയെ വളയുന്നു.

ഹരിതനിര വീഴുന്നു കാറ്റു കുറുകുന്നു.
മലനിരകൾ താഴുന്നു ആടി വരളുന്നു.
പുഴകൾ ചെറു നീർച്ചാലിൽ സ്വയമൊതുങ്ങുന്നു.
കടലിരമ്പുന്നമ്ലമഴയിൽ ഉരുകുന്നു.

മലിനജലഖണ്ഡങ്ങൾ ഭൂമി നിറയുന്നു.
ലവണജലനാളികൾ പൊട്ടിയുണരുന്നു.
കൊടിയ വിഷയൗഗികം കൂപെ നിറയുന്നു.
കടലിരമ്പുന്നു പോർവിളികളുയരുന്നു.

വികിരണവസന്തത്തിൽ ഭൂമി നിറയുന്നു.
കൊടിയ വിഷപകമായ് ക്ഷോണി കനിയുന്നു.
ഉടലാകെ വൃശ്ചികക്കലിക ഉണരുന്നു.
കടലിരമ്പുന്നുള്ളിൽ പ്രളയമുണരുന്നു.

30.05.2016

# ഇന്നലെകൾ

ആ നീലവാനിൻ കുടക്കീഴിലിന്നലെ
ഭാരം വഹിച്ചു പിപീലികാ ജാഥകൾ
പോവതു നോക്കി സ്വയം മറന്നങ്ങിനെ
തൂണുപോൽ നിന്നത് ഞാനായിരുന്നില്ല!

നീലത്തിമിംഗലം മേളിച്ചപാരമാം
ഓളപ്പരപ്പുകളെണ്ണി ഇരുട്ടിന്റെ
കോണിലുറക്കെച്ചിരിച്ചസ്തമയത്തിന്റെ
ലാവണ്യമൂറ്റിക്കുടിച്ചതും ഞാനല്ല!

പോയ ധനുമാസരാവിന്റെ തീരത്തു
പൂനിലാവേറ്റു പുൽമെത്തയിലമ്പിളി
ത്താലത്തിലെക്കലമാനിന്റെ കൊമ്പിലെ
തൂമയും തേടി അലഞ്ഞതും ഞാനല്ല!

നിൻ ശ്ലഥവേണിയിലിന്ദുപുഷ്പംചൂടി
മന്ദസ്മിതത്തിലലിഞ്ഞതും ഞാനല്ല,
പിന്നെച്ചിരാതിന്റെ കള്ളക്കടക്കണ്ണു
മെല്ലെപ്പൊതിഞ്ഞു തേൻതുള്ളി നുകർന്നതും,
കള്ളനെന്നോതി നീമാറിലമർന്നാശു
ചെല്ലക്കിളി എന്നുചൊന്നതും ഞാനല്ല!

ഇന്നലെ, ഇന്നലെ, ഇന്നലെകൾ കാല
കർമ്മപഥത്തിലെ ചില്ലുപാത്രം, വീണു-
ചിന്നിച്ചിതറിത്തെറിക്കുന്നു ശൂന്യമാ-
യെങ്ങോലയിക്കുന്നു; ഇന്നായ് ജനിക്കുന്നു.

ഇന്നലെയില്ലായിരുന്നു ഞാൻ ഇന്നിന്റെ,
ഇന്നിന്റെ മാത്രമാവ്യാനമാകുന്നു ഞാൻ.
പോയ തോയത്തിനൊഴുക്കു തടിനിയെ
വീണ്ടും ജനിപ്പിച്ചനന്യയാക്കുംപോലെ,
നീരദപാളികളോരോ നിമിഷവും
മാറുവതെങ്കിലീ ഞാനുമേവം സദാ
മാറുന്നു കോശവും, താപവും, ഉള്ളിലെ
ഭാവവും, എന്നും പുനർജ്ജനിക്കുന്നിതാ.

07.04.2016

# നിർബോധനം

എവിടെ പുള്ളുവൻ പാട്ടിലിഴഞ്ഞെത്തും
ഋതു ചുരത്തുന്ന സപ്തവർണ്ണങ്ങളും;
പുലരിമഞ്ഞിൽ കുളിച്ചീറനണിയുന്ന
പലതരം വയൽപ്പൂക്കളും, തുമ്പിയും?

എവിടെ കാടിനെ കാത്തു സൂക്ഷിച്ചൊരു
വെളിവു, വയലിലെ കൂട്ടായ്മ, കായലി-
ന്നരികുറപ്പിച്ച കണ്ടൽ വനങ്ങളും,
തെളിമയോലുന്ന തണ്ണീർത്തടങ്ങളും?

എവിടെ ജൈവ വൈവിധ്യത്തിനറിവുകൾ?
പഴമ കാത്തു സൂക്ഷിച്ചോരു വിത്തുകൾ?
ഉടലുരുക്കാത്ത വൈദ്യശാസ്ത്രത്തിന്റെ
ഹരിതശോഭയിൽ പൂത്ത തോറ്റങ്ങളും?

സമയനാഗമഴിച്ചിട്ട ശൽക്കങ്ങൾ
സ്മൃതിപഥത്തിലെ ചെങ്കല്ലു പാതയിൽ;
ഉറയിലേക്കു പുനർജ്ജനിച്ചെത്തുന്നൊ
രഹി എഴുന്നെള്ളി നിൽക്കുന്നിതന്തികേ.

വസനമൊക്കെ അഴിച്ചു വച്ചീടട്ടെ
മൃദുലപാദുകം മാറ്റിവച്ചീടട്ടെ
വളരെ ആടിയ പൊയ്മുഖം നേരിന്റെ
കരിയിലത്തീയിൽ വെന്തെരിഞ്ഞീടട്ടെ.

വഴി ചുരുട്ടിയെടുക്കട്ടെ, പിന്നോട്ടു
പഴയദൂരം നടക്കട്ടെ, കാഴ്ചതൻ
പുതിയ ചിത്രങ്ങൾ മായിച്ചു, വീണ്ടുമാ
പുഴയിലെ കടവിങ്കൽ ഞാനെത്തട്ടെ.

അവിടെ നിന്നും തുടങ്ങട്ടെ ഓലയിൽ
പഴയ നാരായമെഴുതിയോരക്ഷരം
വിപണി ചൂഷണം ചെയ്തു വിൽക്കാത്തൊരു
വെളിവു കാത്തു സൂക്ഷിക്കുന്നൊരക്ഷരം.

05.05.2016

# തിരകൾ എണ്ണുമ്പോൾ

ഉയരെ മധ്യാഹ്നസൂര്യനെരിഞ്ഞൊരു
പകലു പൊള്ളിച്ചെടുക്കുന്നു, കാറ്റിന്റെ
ചിറകിലേറും തിരമലർപ്പാലിക
മണലിലാരോ മറിക്കുന്നു പിന്നെയും.

ചിമിഴിനുള്ളിൽ തപം ചെയ്തു പീഡയെ
തരള മോഹന മൗക്തികമാക്കിയും
ചുഴികളിൽ നൃത്തമാടിത്തിമർക്കുന്ന
മകരമത്സ്യത്തിനുയിരായി മാറിയും

പകുതി മാത്രം തുറന്ന നിൻ കണ്ണുകൾ
തിരകളെണ്ണവേ പാതി അടഞ്ഞതിൽ
കനവനല്പമായൊഴുകിയെത്തീടുന്നു,
മണലിലൂഷ്മാവു തേടുന്നു നിൻ വിരൽ.

തരികളല്ലിതു സൗരയൂഥത്തിന്റെ
ചരിതമോതുന്ന സൈകതരേണുക്കൾ
പദനഖങ്ങൾ തൊടുമ്പോൾ ചിരിച്ചുകൊ -
ണ്ടൊഴുകിമാറുന്ന സൗന്ദര്യധാമങ്ങൾ.

കടലിരമ്പുന്നു, നിൻ നെഞ്ചിലാദിമ
പ്രണവനാദ പ്രസൂനം വിടർന്നതിൽ
മധു തുളുമ്പുന്നു, വാൽക്കണ്ണെഴുതിയ
നറുനിലാവായി മാറുന്നു നിന്നകം.

തിരകളെണ്ണുന്നു, നീല വിരിയിട്ട
കടലു തരിവളക്കൈകളാൽ തിരയുന്നു
സമയവാതായനത്തിലൂടാവിയായ്
പുലരിതേടിയ നീർമണിത്തുള്ളിയെ.

തിരകളെണ്ണുന്നു, സാന്ദ്രമൗനത്തിന്റെ
ഇരുളുഭേദിച്ചു കടലിരമ്പീടുന്നു,
തിരികെയെത്താത്ത ജൈവനാളങ്ങളൊ
മരുവിടങ്ങളിൽ തിരകളെ തേടുന്നു.

തിരകളെണ്ണുന്നു, നിൻ നഗ്നമേനിയിൽ
കടലുതേടുന്നു താരാപഥങ്ങളെ,
പുലരിയെ, പൂനിലാവിനെ ചുംബിച്ചു
ലഹരിപുഷ്പിച്ച കർമ്മകാണ്ഡങ്ങളെ.

14.04.2016

# പന്തയക്കുതിരകൾ

ആരുടെ വിളിപ്പുറത്തെപ്പൊഴും ഉണർന്നിരി-
പ്പാരുടെ വിജയത്തിൻ നാളുകളെണ്ണീടുന്നു!
ആരുടെ നിറതോക്കു കാത്തിരിക്കുന്നു വ്യഥാ
ജീവിതമൊരു 'യൂത്തനേഷ്യ' യിലൊതുങ്ങീടാൻ.

ആരവം മുഴക്കുന്ന ജനസഞ്ചയത്തിന്റെ
ആവേശ കല്ലോലത്തിലൂടവേ അനാരതം
ആർജ്ജിതവീര്യം ഭരിച്ചാർജ്ജുനബാണംപോലെ
നേർവഴി കുതിക്കുന്നു പന്തയക്കുതിരകൾ.

എന്തിനായോടീ ദൂരമിത്രയും നാളീമണ്ണിൽ?
"ബന്ധുരമഹീതലമെത്രനാളോടീടുന്നു!"
എന്തു നീ നേടി ജൈത്രയാത്രകൾക്കൊടുവിലായ്?
"സ്വന്തമാക്കുവാൻ മാത്രമെന്തുണ്ടു വിശ്വത്തിങ്കൽ!"

ഓടുക വാജീശ്രേഷ്ഠ! കർമ്മകാണ്ഡത്തിൻ ശക്തി-
സ്രോതസ്സു നിറയട്ടെ കാരിരുമ്പടികളിൽ.
പന്തയക്കുതിരകൾ, യന്ത്രങ്ങൾ - നിലക്കാത്ത
ജംഗമചരിതത്തിൻ ഭാസുരസങ്കല്പങ്ങൾ.

17.02.2016

# പാൽമിറയിലെ കമാനങ്ങൾ

പിന്നെയും ചരിത്രത്തിൻ താളുകൾ മറിക്കുകിൽ
ചെന്നു നാമെത്തിച്ചേരും പാൽമിറാ ദേശങ്ങളിൽ.
വെൺകല്ലു വിരിച്ചിട്ട ചത്വരങ്ങളും മഹാ-
മണ്ഡപം, അരികത്തായ് ദന്തഗോപുരങ്ങളും.
ഗന്ധവാഹനൻ ചെന്നു ചുംബിച്ചുവലംവച്ച
സുന്ദരകമാനങ്ങൾ, തുംഗമാംധ്വജസ്തംഭം.
തേരുകളുരുളുന്നു റോമിന്റെഗരിമാവിൻ
തോരണമണിയുന്ന രാജവീഥികൾ തോറും.
പ്രാക്തനകാലത്തിന്റെ പോക്കുവേൽ നാളത്തിങ്കൽ
പ്രോജ്ജ്വലമായിത്തീർന്നു സാമ്രാജ്യചരിതങ്ങൾ.

പിന്നെയും ചരിത്രത്തിൻ വേലിയേറ്റത്തിൻ ശക്തി-
സഞ്ചയമുടച്ചിട്ടു താഴികക്കുടങ്ങളെ.
എണ്ണിയാലൊടുങ്ങാത്ത ജൈത്രയാത്രകൾ നിണം-
ചിന്നിയ മണൽക്കാടിൻ വീരഗാഥകളാകെ,
ഒന്നു മറ്റൊന്നിൻമീതെ ഉയർത്തി സംസ്ക്കാരങ്ങൾ
മിന്നുന്നു കോടിക്കൂറ മർത്ത്യരക്തത്തിൻ മീതെ.
പിന്നെയും നൂറ്റാണ്ടുകൾ കടക്കെ പൗരാണിക
മണ്ണിന്റെ മഹിമാവായ് പാൽമിറാ കമാനങ്ങൾ.
കാറ്റിനെ തടഞ്ഞിട്ട വാസ്തുശിഷ്പങ്ങൾ കാണാൻ
കൂട്ടമായെത്തിച്ചേർന്നു ആളുകളെവിടുന്നും.

ഇന്നിതാ ചരിത്രത്തിന്നേടൊന്നു മറിഞ്ഞപ്പോൾ
സുന്ദരകമാനങ്ങളുടച്ചു തകർത്താരോ.
മത്തേഭസമാനമാം സ്തൂപങ്ങൾ ബൃഹത്തായ
അസ്തിവാരത്തിൻ ചാരെ ധൂളിയായ് കിടക്കുന്നു.
ബന്ധുര മനോജ്ഞമാം ചിത്രഗേഹങ്ങൾ, ശിലാ
ഖണ്ഡത്തിൽ വിരിയിച്ച ചൈത്രവിസ്മയങ്ങളും
ഗന്ധകം പുകയുന്ന രാവിന്റെകോട്ടക്കുള്ളിൽ
ബന്ധങ്ങളഴിഞ്ഞിതാ ചിതറിക്കിടക്കുന്നു.

എന്തിനു ചരിത്രത്തിൻ കണ്ണിലെ കരടായി
മന്നിലെ വിചിത്രമാം കാഴ്ച നീ മായിക്കുന്നു?
നാളെകൾ കെട്ടിപ്പൊക്കാൻ വേരുകൾ മുറിക്കുന്നോ?
നാൾവഴിചരിതത്തിൻ നാവു നീ കണ്ടിക്കുന്നോ?
കൊല്ലുവാൻ കുലച്ചൊരു വില്ലുമായ് നിൽക്കുന്നു നീ
മെല്ലവേ ശ്രവിചാലും മേഘഗർജ്ജനങ്ങളെ.

"നാളെ നീ പുതിയൊരു താഴികക്കുടം തീർക്കാം
ചാരുത പുരളാത്ത വന്ധ്യമേഘത്തിൻ ചോട്ടിൽ.
നിന്റെ താഴികക്കുടങ്ങളുമുടയ്ക്കും ഒരു കാലം
മണ്ണിന്റെ സമസ്യയാണിതു നീ മറക്കേണ്ട."

*An ancient city in Syria, a world heritage centre, famous for Roman monumental ruins; destroyed recently.

27.01.2016

# ഒരു പൈങ്കിളിക്കവിത

ഇന്ദ്രനീലാംബര വീഥിയിലമ്പിളി ചെമ്മരിയാടുമായ് വന്നനേരം
നന്ദനാരാമനികുഞ്ചത്തിലെ ചെറുമഞ്ചലിൽ കാതോർത്തു ഞാനിരുന്നു.
നിൻ പദനിസ്വനവീചികൾ തൂമയിൽ എന്നെപ്പുണരുവാൻ കാത്തുനിൽക്കെ
മന്ദസ്മിതപ്പൂനിലാവു പൊഴിച്ചു നീ എന്നന്തികത്തിലണഞ്ഞു മെല്ലെ.

പന്നഗരാജകുമാരി നീ വീണയായെൻവിരിമാറിൽ പടർന്നീടവേ
സിന്ദൂരരേഖകൾ ചാലിച്ച നിൻചൊടിച്ചെണ്ടു വിരിഞ്ഞതു ഞാനറിഞ്ഞു.
എൻവിരൽ ചുംബനപ്പാരിജാതങ്ങളിൽ മന്ദസ്മിതങ്ങൾ വിരിഞ്ഞനേരം
വിസ്മയലാവണ്യമേ വിരൽത്തുമ്പിൽ നീ വിശ്ലഥരാഗമായ് മാറിയല്ലോ!

രാവേറെയാകുന്നു, യാമങ്ങൾ പോകുന്നു, രാക്കിളിപോലുമുറക്കമായി.
നീഹാരകമ്പളം വാരിപ്പുതച്ചിരുൾ പാടവരമ്പത്തുറക്കമായി.
നാമിരുപേരും യമുനയ് മാറവേ, ആന്ദോളനത്തിലലിഞ്ഞീടവേ
നിൻകപോലത്തിൽ മുഖംനോക്കുമമ്പിളി തെല്ലനുരാഗിയായ് മാറുന്നുവോ?

30.10.2015

# ബിംബിസാരന്റെ യാഗശാല

വിശുദ്ധ ബലിയുടെ ആവർത്തനം നനച്ചു പതം വരുത്തിയ
മദ്ധ്യതരണ്യാഴിയുടെ ചുറ്റു വട്ടങ്ങളിൽ
സ്വർഗ്ഗ വാതിലിന്റെ കടും പൂട്ട് തുറപ്പിക്കുവാൻ
ഒരു ഗുരുതി കൂടി.
നിത്യ സമാധാനത്തിനു വേണ്ടി മറ്റൊന്നു കൂടി.

വംശ ശുദ്ധീകരണ ഖുർബാനയ്കൊടുവിൽ
ഒരു കൂന ഉടലുകൾ.
ചിരിച്ചു, രമിച്ചു, കരഞ്ഞു, വിയർത്തു, മതിവരാത്ത ഉടലുകൾ.
വിശന്നു രോഗിയായിട്ടും ഈ ഭൂമിയെ സ്നേഹിച്ച ഉടലുകൾ
കൂടൊഴിഞ്ഞു പലായനം ചെയ്തിട്ടും വസുന്ധരയെ
മുറുകെ പുൽകുന്ന ഉടലുകൾ.
അവർക്ക് ആവശ്യം പറുദീസ ആയിരുന്നില്ലല്ലോ!
ഒരുപിടി അന്നം, ഒരു തണൽ, പിന്നെ അൽപ്പം ആകാശം.
എവിടെയാണ് സോദരാ നിന്റെ ഈശ്വരൻ?
പറുദീസ യുടെ കാവൽക്കാർ ഇനിയും വരാത്തതെന്തേ?

മണ്ടയിലെ തമസ്സിനെ മതമെന്നു വിളിച്ച മഹാനുഭാവാ
ഇതു ബിംബിസാരന്റെ യാഗശാല.
മത്തകളഭങ്ങൾ ഉറഞ്ഞു തുള്ളുന്ന ആകാശത്തിനു കീഴിലെ
വിശാലമായ ബലി മണ്ഡപം.
'അരുതെ'ന്ന ആമന്ത്രണവുമായി ഇവിടെ തഥാഗതൻ വരില്ല.
തമസ്സിന്റെ കോട്ടകളിലേക്കൊരു തരി വെട്ടവും കടക്കില്ല.

കാലഹരണപ്പെട്ട മാമൂലുകളുടെ ചിലന്തിവലകളിൽ
പുണ്യം തൂക്കിവില്ക്കുന്ന നരച്ചഎട്ടുകാലികൾ
ഇപ്പോഴും സ്വാതന്ത്ര്യത്തിന്റെ പൂമ്പാറ്റകളെ
കാത്തിരിക്കുന്നു.
ഗുരുതിയുടെ നിണലഹരിയിൽ
നൂൽപാലത്തിനപ്പുറത്തേക്കൊരുല്ലാസയാത്രക്കായി.

14.04.2015

# ഒരു തിരി കൊളുത്തട്ടെ!

ഒരു തിരി കൊളുത്തട്ടെ,
ഒരു ചുവന്നറിബൺ ഈ മരച്ചില്ലയിൽ ബന്ധിക്കട്ടെ,
ഇനിയും തിരിച്ചുവരാത്ത ചിബോക്കിലെ പെണ്കുട്ടികൾക്കായി.

ഒരു തിരി കൊളുത്തട്ടെ,
ഒരു ചോക്കുകഷണം മാറ്റിവയ്ക്കട്ടെ,
ഇനിയും തിരിച്ചു വരാത്ത ഇഗ്വാലായിലെ വിദ്യാർത്ഥികൾക്കായി.

ഒരു തിരി കൊളുത്തട്ടെ,
ഒരു പിടിമണ്ണ് മാറ്റി വയ്ക്കട്ടെ,
ഇനിയും തിരിച്ചുവരാൻ കഴിയാത്ത യമനിലെ ദൈവവിശ്വാസികൾക്കായി.

ഒരു തിരി കൊളുത്തട്ടെ,
ഒരു കഷണം റൊട്ടി മാറ്റിവയ്ക്കട്ടെ,
ഇനിയും മരിച്ചു തീരാത്ത സിറിയൻ അഭയാർത്ഥി ബാല്യങ്ങൾക്കായി.

ഒരു തിരി കൊളുത്തട്ടെ,
ഒരു മരക്കാൽ മാറ്റിവയ്ക്കട്ടെ,
ഇനിയും ഉണങ്ങാത്തമുറിവുമായി വിലപിക്കുന്ന ഇറാക്കിലെ
യുവത്വത്തിനായി.

ഒരു തിരി കൊളുത്തട്ടെ,
ഒലിവിന്റെ ഒരു ചില്ല മാറ്റിവയ്ക്കട്ടെ,
ഇനിയും വറ്റാത്ത കണ്ണുകളുള്ള പാലസ്തീനിലെ വിധവകൾക്കായി.

ഒരു തിരി കൊളുത്തട്ടെ, വീണ്ടുമൊന്നു കൂടി, പിന്നെ വേറൊന്നു കൂടി...
ഞാനീ നാൾവഴിയിലെ ചുവന്ന അക്കങ്ങൾ മെല്ലെ അടർത്തി മാറ്റട്ടെ.

14.04.2015

# അവത്

വഴിയിലൂടെ സാവധാനം മുന്നോട്ടു തന്നെ നടന്നു.
തിരിച്ചു പോകാൻ കഴിയില്ല എന്നും
എല്ലാ വഴികളും മുന്നോട്ടുള്ള യാത്രക്കുള്ളതാണെന്നും
'അവത് ' തിരിച്ചറിഞ്ഞു.
'അവത് ' അവളല്ലായിരുന്നു.
'അവത് ' അവനുമാല്ലായിരുന്നു.
'അവത് ' അവ അല്ലായിരുന്നു.
'അവത് ' അത് അല്ലായിരുന്നു.
തിരിച്ചറിവുകൾ നൽകുന്ന സ്വാതന്ത്ര്യത്തിലൂടെ
'അവത്' പിന്നെയും നടന്നു.

വാക്ക് അക്ഷരമാകും മുൻപേ 'അവത് ' ഉണ്ടായിരുന്നു; പകൽ പോലെ.
പിന്നീട്-
ഇരുട്ടിലും, നീണ്ട ഇടനാഴികളിലെ നിഴൽപ്പാടുകളിലും, നിശബ്ദതകളിലും,
താളിയോലകളിലും, പാപ്പിറസ് ചുരുളുകളിലും ചതഞ്ഞരഞ്ഞ് ശ്വാസംമുട്ടി,
പരിഹസിക്കപ്പെട്ട്, ആക്ഷേപിക്കപ്പെട്ട്,
ക്രൂരമായി ചൂഷണംചെയ്യപ്പെട്ട്, വലിച്ചെറിയപ്പെട്ട്,
പിന്നാമ്പുറങ്ങളിൽ എവിടെയൊക്കെയോ ഒരു തേങ്ങൽപോലെ...

പരിണാമത്തിന്റെ തത്രപ്പാടുകളിൽ അബദ്ധമായും,
മാറ്റത്തിന്റെ അനിവാര്യമായ കണ്ണിയായും,
വപുസ്സിന്റെ അർദ്ധനാരീശ്വരത്തിലേക്ക്
സാവധാനം നടന്നു കയറി,
അവനും അവളുമല്ലാതെ 'അവത് '.

26.03.2015

# വഴിയും കാൽപ്പാടും

ഇനിഒളിക്കേണ്ടതെങ്ങുഞാൻ കാലമേ?
പകൽവെളിച്ചത്തിനുണർവ്വിലോ സ്വച്ഛന്ദ-
മിരുൾവിരിച്ചിട്ട ജ്യേഷ്ഠയാമത്തിലെ
സുഖസുഷുപ്തിതൻ നീലവിരിപ്പിലോ?
നിലകൾതെറ്റി ഉന്മാദം വിളമ്പിയ
നിറനിലാവിന്റെ താഴ്‌വരക്കാട്ടിലോ?

ഇനിഒളിക്കുവാൻ മാളങ്ങളില്ല വ-
ന്നടവിയും, ഗിരിശൃംഗവും, ആഴിയും
സകലതും കടന്നെത്തുന്നിതാ എന്റെ
നിലവറത്താഴു താനേതുറക്കുന്നു.

സുഖസമൃദ്ധിയും, ആഡംബരങ്ങളും
പെരുമയും, മഹാശക്തിയും, ധാടിയും
തനുവിനേകിയ സ്വാസ്ഥ്യത്തിലേക്കിതാ
വഴിയിലുപേക്ഷിച്ച കാല്പാടുകൾ വളർ -
ന്നഖിലവൈരിയായ് പിൻതുടർന്നീടുന്നു.
അഹികളാകുന്നു, ചിഹ്നം വിളിക്കുന്ന
മദനമോഹിത മത്തേഭമാകുന്നു.
നിമിഷജാലകച്ചില്ലിലെ സൗഖ്യത്തി-
ലൊടുവിലൂറിയ തുള്ളിയും നക്കുന്ന
കൊടിയ വഹ്നിയായ് ഭ്രാന്തമായാളുന്നു.

നിണമണിഞ്ഞ കാല്പാടുകളോർമ്മത-
ന്നകലതീരത്തിൽ നിന്നുമെത്തിടുന്നു.
അകതലത്തിലെ സൂക്ഷ്മതന്തുക്കളിൽ
വലവിരിക്കുന്നു, കാവലിരിക്കുന്നു.

സ്മൃതിയുപേക്ഷിച്ച പൂർവകാണ്ഡങ്ങൾ വി-
ട്ടടരുകൾ, പുറംചട്ടകൾ കീറിയും,
പുതിയ താവളം - താളുകൾക്കുള്ളിലെ
മുദിതവാക്കിന്റെ മുക്തിയിൽ - പോലുമേ
തണുവിറപ്പിച്ച വിരലുമായെത്തുന്നു,
വഴിയിലെന്നോ ഉപേക്ഷിച്ച പാടുകൾ.

20.11.2014

# ഇതു പ്രളയകാലം!

നീ എന്റ ആരുമല്ല;
എങ്കിലും നിന്നെ ശത്രുവായിക്കാണാൻ ആരോ പഠിപ്പിച്ചു.
നീ ഒരുദ്രോഹവും ചെയ്തില്ല;
എങ്കിലും നിന്നെ കൊന്നൊടുക്കാൻ ഞാൻ നിയോഗിക്കപ്പെട്ടു.

സ്വാതന്ത്ര്യത്തിന്റപേരിൽ മുറിച്ചുമാറ്റപ്പെട്ട സഹോദരാ,
നിന്റെയും എന്റെയും പൊക്കിൾക്കൊടിയുടെ വേരുകൾ
ഉറച്ചിരുന്നമണ്ണിന് ഒരേനിറമായിരുന്നു.
അതിലൂടെ മദിച്ചുല്ലസിച്ചൊഴുകിയ നദികൾ
പാടിയത് ഒരേഗാനമായിരുന്നു.
ഉഴുതുമറിച്ച മണ്ണിൽ മുളച്ചുപൊന്തിയ
നാമ്പുകൾക്കൊരേവീര്യമായിരുന്നു,
അതിൽ വിരിഞ്ഞാടിയ ഹരിതദലങ്ങൾ
നുകർന്നത് ഒരേസൂര്യനെ ആയിരുന്നു,
പൊട്ടിവിടർന്ന പൂക്കൾക്കൊരേ ഗന്ധമായിരുന്നു.
ഋതുഭേദങ്ങളിലൂടെ ചിറകുവിരിച്ചു കടന്നുപോയ
കിളികൾക്കൊരേ ലക്ഷ്യമായിരുന്നു.
എങ്കിലും നീ ശത്രുവായി മാറി; ഞാൻപോലുമറിയാതെ!

ഓർക്കുക, എനിക്കും നിനക്കും കിട്ടിയ സ്വാതന്ത്ര്യത്തിനു പകരം നൽകിയത്
നമ്മുടെ ശാന്തിയായിരുന്നു; സാഹോദര്യമായിരുന്നു.
തിരിച്ചറിവുകൾ ഇല്ലാതെപോയ കാലത്തിന്റെ ജരസന്ധികളിൽ
മൂഢസ്വപ്നങ്ങൾ നല്കി നമ്മുടെ സമാധാനം കവർന്നെടുത്തവരെ
തിരിച്ചറിയുക.

ഇതു പ്രളയമാണ്; മനുഷ്യൻ തീർത്ത അതിർവരമ്പുകളെ
പ്രകൃതി ധിക്കരിക്കുന്ന വിനോദകാലം;
ഒഴുകിയെത്തുന്ന ജഡങ്ങൾ അതിരുകൾ മാനിക്കാത്ത ദുരന്തകാലം.
ഈ പ്രളയത്തിന്റ എകതയിലൂടെ,
ആരൊക്കെയോ കവർന്നെടുത്ത
നമ്മുടെസ്വാതന്ത്ര്യം വീണ്ടെടുക്കാം,
പണയംവച്ച സമാധാനം തിരിച്ചെടുക്കാം.
ത്രസിക്കുന്ന മണ്ണിന്റ വ്രണിതസ്വപ്നങ്ങളിലൂടെ
നമുക്കു കൈകോർത്തു നടക്കാം.
അവിടെ ഇറ്റുവീഴുന്ന സ്വേതബിന്ദുക്കൾ
മണ്ണിന്റെ ശപ്തമായ മുറിവുകളിൽ സഞ്ജീവനി ആവട്ടെ.
ഗന്ധകം മണക്കാത്ത പകൽ വെളിച്ചത്തിൽ,
നിന്റെയും എന്റെയും കുഞ്ഞുങ്ങൾ
കൈകോർത്തു നടക്കുമാറാകട്ടെ.

സഹോദരാ; എന്റെയും നിന്റെയും സ്വാതന്ത്ര്യം ഒടുങ്ങുന്നിടത്തു മാത്രമാണ്
നമ്മുടെ സ്വാതന്ത്ര്യം ഉറവപൊട്ടുന്നത്.

22.09.2014

# നളന്ദയിലെ മിന്നാമിനുങ്ങുകൾ

അഗ്നി വിഴുങ്ങിയ താളിയോലകളിൽ നിന്നും
ഇന്ദുഗോപങ്ങളുയരുകയായി.
അധിനിവേശമൗഢ്യത്തിൽ വെണ്ണീറായ അറിവിന്റ ശാരികങ്ങളെ,
അഗ്നിരജസ്സുകളായി നിങ്ങളുയരുക.

ശാസ്ത്രവും വ്യാകരണവും മാറ്റൊലിക്കൊണ്ട കൽമണ്ഡപങ്ങളിൽ,
കരണവും കാരണവും ചർച്ചചെയ്യപ്പെട്ട ഇടനാഴികകളിൽ,
കർമനാൾവഴിയിൽ വ്യാകുലപ്പെടാത്ത കളിത്തട്ടുകളിൽ,
ചന്ദ്ര-താരങ്ങൾ തൊഴുതുമടങ്ങിയ ഗോപുരങ്ങളിൽ,
ഇന്ദ്രഗോപങ്ങളെ നിങ്ങൾ വെളിച്ചമായിരുന്നു.
നഭസ്സിനെ പുളകമണിയിച്ച ഇന്ദ്രിയനൈർമ്മല്യമായിരുന്നു.

നീറിപ്പുകഞ്ഞു വെണ്ണീറായ താളിയോലകളും
ഇടിച്ചുനിരത്തിയ മഹാഗ്രന്ഥശാലയും
വെട്ടിനിരത്തിയ രസാലവനവും
മുറിവേറ്റു നിശബ്ദമാക്കപ്പെട്ട ആയിരംഗളങ്ങളും
നിന്റെ ഊർജ്ജമാണ്.
തമസ്സിന്റ മാറുപിളർന്നു നിങ്ങളുയരുമ്പോൾ
അറിവിന്റ രാജസൂയംനടത്തിയ നൂറ്റാണ്ടുകൾ
പുനർജ്ജനിക്കുന്നു.
അവിടെ അറിവിന്റെ തേന്മാവുകൾ എന്നും പൂവണിഞ്ഞുനിന്നു.
രസാലപകങ്ങളുണ്ണുവാൻ വിദൂരമേഘങ്ങൾ താണ്ടി
വാനമ്പാടികളെത്തിയിരുന്നു.
മധുരമുണ്ട വിഹഗങ്ങൾ ജ്ഞാനത്തിന്റ ഈരടികൾചൊല്ലി
ദൂരങ്ങളെ പുല്കിയിരുന്നു.
അവ പകർന്ന വെളിച്ചത്തിൽ ലോകമുണരുമ്പോൾ
ദുരയുമായി ദൂരങ്ങളിൽ വെളിച്ചം തല്ലിക്കെടുത്തുവാൻ
ആരോ പടപുറപ്പെടുകയായിരുന്നു.

അധിനിവേശത്തിന്റ വാളുകൾ അറിവിന്റെ ആയിരം ഗളങ്ങൾ
അരിഞ്ഞു തള്ളിയപ്പോൾ,
അറിവിന്റെ വാതിലുകൾ കൊട്ടിയടച്ചപ്പോൾ,
ഭൂമിയുടെ ധൂസര വസന്തത്തിൽ ഇരുൾ പരന്നു.
നവ്യലോകത്തിന്റെ ഭാസുരസങ്കൽപ്പങ്ങളിൽ
അശിനിപാതമായി ഹിംസയുടെ, വേദനയുടെ, ദുരന്തങ്ങളുടെ
വസൂരി വിത്തുകൾ മുളച്ചു പൊന്തി.

വെളിച്ചം തല്ലി ക്കെടുത്തിയ മൗഢ്യമേ!
നീ പകരം തന്നത് അസ്വാതന്ത്ര്യത്തിന്റെ ചങ്ങലയായിരുന്നല്ലോ?
അതിരുകളില്ലാത്ത സ്വാതന്ത്ര്യത്തിന്റെ ശാന്തപുളിനങ്ങളിൽ
നീ കോരിയിട്ടത് അസഹിഷ്ണുതയുടെ കനലുകളായിരുന്നുവല്ലോ?

കാലത്തെ പിന്നോക്കം നടത്തിയ മൗഢ്യമേ!
യാത്രയും ലക്ഷ്യവും വെളിച്ചമാണെന്ന സത്യം നീ അറിഞ്ഞില്ലയോ?
നിന്റെ അഗ്നിദാഹത്തിലെരിഞ്ഞമർന്നത്
പിറക്കാനിരുന്ന ഞങ്ങളുടെ സ്വാതന്ത്ര്യമായിരുന്നു.
നിന്റ കുഞ്ഞുങ്ങളുടെ സ്വാതന്ത്ര്യമായിരുന്നു.
കടിഞ്ഞാണില്ലാത്ത, അതിരുകളില്ലാത്ത സ്വാതന്ത്ര്യം.
ശിക്ഷിക്കാത്ത ദൈവത്തിനും, പാപം ചെയ്യാത്ത മനുഷ്യനുമിടയിലുള്ള
ശുദ്ധമായ സ്വാതന്ത്ര്യം.
പച്ചവെള്ളം പോലെ, കരിയിലയെനോവിക്കാത്ത കാറ്റു പോലെ,
തപിച്ച മണ്ണിലൂടെ, നാരായവേരറ്റംവരെ കിനിഞ്ഞിറങ്ങുന്ന സ്വാതന്ത്ര്യം.

അഗ്നിരജസ്സുകളെ നിങ്ങളുയരുക.
വെളിവിന്റെ കുഞ്ഞു കണങ്ങളുമായി,
പിറക്കാനിരിക്കുന്ന കുഞ്ഞുങ്ങൾക്കായി,
പിറക്കാനിരിക്കുന്ന ഉരഗങ്ങൾക്കായി,
പിറക്കാനിരിക്കുന്ന വിഹഗങ്ങൾക്കായി,
പിറക്കാനിരിക്കുന്ന പരശതം കീടങ്ങൾക്കായി.

Nalanda - An ancient centre of higher learning (500 - 1197 AD). The great library of Nalanda University was so vast that it is reported to have burned for three months after the invaders set fire to it.

25.04.2014

# താതാത്മജം

താതാ തിരസ്കരിക്കൊല്ലീ യുവത്വമി-
ന്നേകുന്നു, പാരണവീട്ടട്ടെ സാദരം.

നീതന്നതാണീ കളേബരം മാമകം,
നീതന്നതാണീ മനോഹരമാനസം.
നീ ചൊന്നതാണീ സ്വരങ്ങളും വാക്കിന്റെ
മാസ്മര ഭാവതലങ്ങളും സർവ്വവും.

കാണാതെകണ്ടകഥകളും പാട്ടിന്റെ
തോറ്റവുമൂട്ടിനോടൊപ്പം പകർന്നനർമ്മങ്ങളും,
നീ തൊട്ടുണർത്തിയ ഭാവനാസാരസ
ജാലമല്ലോ രമിച്ചീടുന്നതുള്ളിലും.

രാജ്യതന്ത്രം ചൊല്ലി സായകം തന്നുനീ
ത്യാജ്യമെന്തെന്നു ചൊല്ലാതെ നീ കാട്ടിയും,
നീ തല്ലിനോവിച്ച ബാല്യവും, വാക്കിന്റെ
ചാട്ടവാറേറ്റു പൊലിഞ്ഞസ്വപ്നങ്ങളും,
കാറ്റുപോൽ വന്നുതലോടിയ സാന്ത്വന-
മേറ്റു നിഭൃതനായ് കുമ്പിട്ടുനിന്നതും.
ഓർക്കുന്നു ഞാൻ തിരമാറാസരിൽപ്പതി-
യാകുമീ സങ്കീർണ്ണ യൗവ്വനഭംഗിയിൽ.

നിന്റെ യുവത്വമെൻബാല്യത്തിലർപ്പിച്ചു
പൊൻപരാഗങ്ങലളുണർത്തി രസിക്കവേ.
താതനായ്, പുത്രനായ്, പുത്രാഭിരമ്യനായ്
താനേ മറന്നുപോയ് നീ നിന്റെ യൗവ്വനം.

സ്വീകരിച്ചാലുമീ യൗവ്വനം മൽതാത
പാരം പകരംതരിക നിൻവാർദ്ധക്യം.
നീ തന്ന ജീവന്നിതാകില്ലമൂല്യമായ്
വേറില്ലനൽകുവാൻ നിസ്വനാണിന്നുഞാൻ.

പാതിമെയ് തന്ന പിതാവേ പകരമായ്
സ്വീകരിക്കു പൂർണ യൗവ്വനഭംഗികൾ.
നീർമാതളങ്ങൾ ഭുജിക്ക, മധുകര -
നായി പ്രസൂനങ്ങൾ ചുംബിച്ചുണർത്തുക.
കാമ്യമദാലസ യൗവ്വനമേറി നീ
പാരംമുദിതനായ് വാഴു മഹാരഥാ.
രേതസ്സു കാളിന്ദിയാകട്ടെ നീ കാമ-
കാളിയ മർദ്ദനമാടു സമൃദ്ധമായ്.
തേരിലജയ്യനായ്ത്തീരട്ടെ ഭൂമിത-
ന്നാദരമേറ്റു പ്രജാപതി വാഴുക.

(പുരാണ കഥയോടു കടപ്പാട്)
01.03.2014

# സൂര്യനായ്, സൂര്യപ്രവേഗമായ്

ഇനി കാത്തിരിപ്പില്ല, ഉഛ്വാസവായുവിൽ
മുഷിവില്ല, കാനൽ ജലത്തിനായ് കേഴില്ല.

കരുതിയ പാഥേയമർപ്പിപ്പു നീരുമായ്
ഉദകമല്ലോ സ്വീകരിക്കു വിഭാതമെ.
ഇനിയും വരാത്തനിന്നുദകം കഴിച്ചിനി
പടി കടന്നീടണം തളരാതെ പോകണം.
ഒരുവേള ഭൂതകാലത്തിന്റ ചങ്ങല പിറകിൽ
കൊളുത്തി വലിക്കുന്നു മാദകം.
മധുരം മനോഹര മന്ദഹാസത്തിന്റെ
ചൊടികൾ വിളിക്കുന്നു, പിന്നിൽ കൊളുത്തുന്നു.
അരുതെന്നു ചൊല്ലുന്ന രാത്രി സൗഗാന്ധിക
മദഭരയാമങ്ങൾ പിന്നിൽ വിളിക്കുന്നു.

ഉടവാളു കൊണ്ടരിഞ്ഞീടട്ടെ പിന്നിലെ
വിളികൾ, കൊളുത്തുകൾ, ചങ്ങലപ്പൂട്ടുകൾ.
രണഭൂമി താണ്ടണം, കാവൽപ്പുരകളിൽ
വിറപൂണ്ട ദേശാടനക്കിളി കേഴുന്നു.
ചിറതാണ്ടണം, ഘോരമഴതാണ്ടണം പിന്നെ
നിലയുറയ്കാത്ത കല്ലോലങ്ങൾ താണ്ടണം.
സമരവീര്യത്തിന്റ യാനപാത്രം രൗദ്ര
രണഭേരി വീണ്ടും മുഴക്കുന്നു, വിണ്ണിന്റ
വിരിമാറു കീറി പതാക മുന്നേറുന്നു.

സമയമില്ലോട്ടുമേ മഷിയുണങ്ങും മാത്ര
കളയില്ല, കമ്പിളിത്തുകിലണിഞ്ഞീടട്ടെ.
അയുതം ശരങ്ങളും, വില്ലും കവചവും
തിലകസിന്ദൂരവും, കരളിലാഗ്നേയവും,
കടവിലെ കൽമണ്ഡപത്തിന്റ തിണ്ണയിൽ
തമസിന്റ ഭാണ്ഡമുപേക്ഷിച്ചു സൂര്യനായ്
സമയാശ്വമേറിമുന്നേറട്ടെ സത്വരം.

ഇതു 'കാത്തിരിപ്പ്' എന്ന കവിതയുടെ രണ്ടാം ഭാഗം.
18.02.2014

# ഗ്രാമാന്തരം

പെരുവിരലൂന്നി ഞാൻ നിൽക്കെ ഗ്രാമത്തിന്റ
നെറുകയിൽ പൂക്കൾ വിരിഞ്ഞു.
കവിളിണച്ചാർത്തിൽ വിരിഞ്ഞ നാണത്തിന്റ
നറുമണം മെല്ലെപ്പരക്കെ,
പുഴയിൽ കുളിച്ചീറനനലനെൻ കാതിൽ വ-
ന്നരുമായ് ചൊല്ലി സുമന്ത്രം,
"പ്രകൃതി മനോഹരി തവ മുഗ്ദ്ധ ലാവണ്യ -
മൃതുഭേദചാരുതയല്ലേ?"
അതുകേട്ടു കോരിത്തരിച്ചു നിൽക്കെ സൂര്യ-
നൊരുമാത്ര ഭൂമിയെ നോക്കി.
മൃദു മന്ദഹാസത്തിനലകളെൻ മേനിയിൽ
പുളകങ്ങളായിരം തീർത്തു.
ഒരുവേളകൊണ്ടു ഞാൻ സൗരയൂഥത്തിന്റ
വഴികളിൽ പിന്നോട്ടു പോയി.
അവിടെ മാകന്ദം മധുരംവിളമ്പിയ
വഴികളും ചോലയും കാറ്റും,
അരുവിയും നീരിലെപ്പരലും പതംഗവും
നിറദീപ്ത ചിത്രങ്ങൾ നെയ്തു.
കിളിമൊഴിക്കെതിർമൊഴി ചൊല്ലാൻ മറക്കാത്ത
പുലർകാല സുന്ദരബാല്യം
കനകംവിരിഞ്ഞ നെൽപ്പാടവരമ്പത്തു
ചകിതമാം തുമ്പിയായ് നിൽക്കെ,
വെയിൽകാഞ്ഞ പൈക്കളും പഥികരും
മാവിന്റ മധുരം നുകർന്നിറ്റു നിൽക്കെ,
പ്രകൃതി രജസ്വലയായി നീ വിണ്ണിന്റ
കനിവായി ചാരത്തു നിന്നു.

അകലങ്ങളിൽ വീർപ്പു മുട്ടലിൽ ജീവിത-
പ്പെരുവഴിയോരത്തു നിൽക്കെ
തിരികെവരാൻ, നിന്റ വരണമാല്യത്തിനു
പകരം തരാനും മറന്നു.

പകരമില്ലീ നിന്റ പൊന്മുളം തണ്ടിലെ
അമരഗാനതിനു തുല്യം
പകരം തരാനില്ല കവിതയായർപ്പിപ്പു
മമ സായകത്തിലെ ഹവ്യം.

14.12.2014

# ഇന്ദ്രജാലം

അനുഭവങ്ങളെ, അഗ്നിച്ചിറകുമായ്
നിണനിലങ്ങളിൽ താണുപറക്കുന്ന
നിബിഡ നീരദപാളികദംബമേ;
അറിയുമോ നിങ്ങളീവഴിത്താരയിൽ
പകുതി പൊള്ളിച്ചുപേക്ഷിച്ച വിത്തുകൾ
ചിറകുകൾ വിരിച്ചാകാശവും കട-
ന്നഭയശാദ്വലഭൂമിക തേടുന്നു.

കഠിന വേനലിൽ പൊള്ളിച്ചു വിണ്ണിന്റ
കനിവു പേമാരി മുക്കിക്കുളിപ്പിച്ചു,
പടഹ ഗർജനം മേഘഗീതത്തിന്റ
ശ്രുതിയിൽ താരാട്ടു പാടി ഉറക്കിയും.
കദന പാഥേയമുട്ടി വിലക്കിന്റ
മരണവക്രതത്തിലൂടെ നടത്തിയും,
അനുഭവങ്ങളേ നിങ്ങൾ പകർന്നിട്ട
നിമിഷമേതും വിലപ്പെട്ടതല്ലയൊ ?

മൃദുലമീ നിന്റെ തൂവലിൻ തുമ്പു കൊ-
ണ്ടരികെ വന്നൊന്നു തൊട്ടുതലോടവേ,
മധുരമാസ്മരമിന്ദ്രജാലത്തിന്റ
കതകു താനേ തുറക്കുന്നു സത്വരം.
വിജനതീരത്തെ ശാദ്വലമാക്കുന്ന,
വിഷചഷകത്തെ വീഞ്ഞാക്കി മാറ്റുന്ന,
അനുഭവങ്ങളെ ഇന്ദ്രജാലങ്ങളെ
മധുരമല്ലോ വിലപ്പെട്ടജീവിതം!

പ്രണയ സന്ധ്യകൾ ദാഹം തുളുമ്പുന്ന
മിഴികളിൽ നോക്കി ദാഹമകറ്റിയും;
മദനയാമങ്ങൾ ചുരമാന്തി ഉണരുന്ന
രജനി കന്ദർപ്പലീലകളാടിയും;
വിബുധ വിഹ്വല വിപ്രലംഭത്തിന്റ
നെടിയ നിശ്വാസധാര ഉണർത്തിയും;
അരികിലെത്താൻ കൊതിച്ചാലുമെത്താത്ത
അകലഭൂമിതന്നുപ്പായി മാറിയും;
കൊടിയ വേനലിന്നഗ്നി നാളങ്ങളിൽ
മരണദാഹജലത്തിനായ് കേഴവേ
ഒരു തുലാവർഷമമൃതബിന്ദുക്കളായ്
നെറുകയിൽ സ്നേഹധാര ചൊരിഞ്ഞതും;
പ്രളയവാരിധി സർവ്വം വിഴുങ്ങവേ,
പനിമതിച്ചുണ്ടനോളങ്ങൾ താണ്ടി വ-
ന്നഭയമായി നീ കാവലിരുന്നതും;
അനുഭവങ്ങളെ അഗ്നിസ്ഫുലിംഗമെ
കനിവുമായി നീ കൈക്കുമ്പിൾ നീട്ടവേ
സ്മരണകൾ നിറ വെണ്ണിലാവാകുന്നു.
പകലുമില്ലാ ഇരുളുമില്ലാത്തൊരീ
പുതിയ ഭാസത്തെ അർദ്ധനിമീലിത
മിഴികളാൽ സ്തുതിച്ചീടട്ടെ ഉൾക്കാമ്പിൽ
മധുരഹാസം പൊഴിക്കട്ടെ നിശ്ചയം.

17.11.2013

# മഞ്ഞു പുതച്ചുറങ്ങിയ സംവത്സരങ്ങൾ

ദൂരെ വനസ്ഥലീപ്രാന്തങ്ങളിൽ ശൈത്യ
നീഹാരകമ്പളം ചൂടി ഉറങ്ങവേ
ഭൂമി നീ ഏതോകിനാവിന്റ ഊഷ്മള
പീയൂഷധാരയിൽ നിർവൃതികൊള്ളവേ
ആരോവിളിച്ചപോലാദിവസന്തത്തി -
നാത്മാഭിലാഷം പുളകംവിതയ്ക്കുന്നു.

പേലവ പുഷ്പദലങ്ങൾ വിടർത്തി ഭൂ -
ആകാശഗംഗയിൽ നീന്താനിറങ്ങവേ,
കൂടെഇറങ്ങും മരാളങ്ങൾ നക്ഷത്ര
ധൂസരമുണ്ടു മദാശ്ലേഷരാകവേ,
വാസന്തരശ്മി ഒളിക്കണ്ണുകൾ നിന്റ
മേനിയിൽ ആദിത്യചിത്രം വരയ്ക്കുന്നു.
പൂവിളി കേൾക്കാത്തതെന്തേ? ഋതുപ്പക്ഷി
കാഹളമൂതാത്തതെന്തേ?

മാനസവാതിൽ തുറക്കാം നമുക്കിനി
വാസരഗന്ധങ്ങളാകാം.
കാറ്റിന്റ മർമ്മരത്തോണിയിൽ ചേക്കേറി
പാട്ടിനെ പുൽകാനിറങ്ങാം.
ദൂരങ്ങളിൽ, മഹാതീരങ്ങളിൽ ശുദ്ധ
സൂര്യകണങ്ങളുരുക്കി പകലൊളി
വീശുമിടങ്ങളിൽ പാർക്കാം, വിവസ്വാനു
കൂട്ടായ് നമുക്കിനിവാഴാം.

20.09.2013

# ജൈവവളം

ചുവന്നപൂക്കൾ പരവതാനിപാകിയ
നീണ്ടവഴികൾക്കപ്പുറം ശിലാഫലകമായിരുന്നു*.
ചരിത്രംമറന്ന കടിഞ്ഞൂൽപ്പൊട്ടന്മാർക്കുള്ള
ശക്തമായ താക്കീതുമായി
അതു ദശാബ്ദങ്ങളോളം നിലകൊണ്ടു.
"മഹായുദ്ധങ്ങളിൽ മരിച്ചവർക്കു പ്രണാമം.
ചരിത്രം മറക്കുന്നവൻ, അതാവർത്തിക്കാനനുവദിക്കുന്ന കുറ്റവാളിയാണ്."
അതുവായിച്ച് ആവഴി പറന്നുപോയ
ഒരുകാക്ക ഫലകത്തിൽ കാഷ്ഠിച്ചു.
പിന്നെ പരശ്ശതം കാക്കകൾ അതാവർത്തിച്ചു.

അപ്പോഴും ദൂരെഗ്രാമങ്ങളിൽ
വെടിയുണ്ടയേറ്റ മനുഷ്യശരീരങ്ങൾകൊണ്ട്
ജൈവവളം ഉണ്ടാക്കുന്ന തിരക്കിലായിരുന്നു പ്രകൃതി.
വേഷംമാറിവന്ന മഹായുദ്ധങ്ങൾ
വാണിജ്യാധിനിവേശത്തിന്റരൂപത്തിൽ ആക്രമണങ്ങൾ
തുടർന്നുകൊണ്ടേയിരുന്നു.

ഫലകങ്ങൾക്കപ്പുറം
ഇത്തിരിപ്പോന്നഓർമ്മയുടെ പിന്നാമ്പുറങ്ങളിൽ
അനാദിയുടെചക്രവാളം നീണ്ടുനിവർന്നു കിടന്നു.
പ്രകാശവർഷങ്ങൾക്കപ്പുറത്തുള്ള ശൂന്യതയിൽ,
പിണ്ഡവും ഊർജ്ജവും മഹാരതിയുടെ പദങ്ങളാടിയപ്പോൾ
കാലം ഉരുണ്ടുപോയ വഴികളിൽ
ജീവൻ തുടിച്ചുണർന്നു.
പിന്നെ അണമുറിയാത്ത അവസ്ഥാന്തരങ്ങൾ.
കൊന്നും, തിന്നും നിലനിൽപ്പിന്റ മേച്ചിൽപ്പുറങ്ങളിൽ അവ വിഹരിച്ചു.
ഇത്തിരിപ്പോന്ന വെളിച്ചത്തിന്റ അഹങ്കാരത്തിൽ
ഇരുട്ടിനെ അവൻ വെല്ലുവിളിച്ചു.
അറിയാത്തഇരുട്ടിനെ
അവൻ 'അജ്ഞത' എന്നു വിളിച്ചു.
ഫലകങ്ങൾകൊണ്ടു കാലത്തെ വെല്ലുവിളിച്ചപ്പോൾ
കാക്കൾ മാത്രം അതേറ്റെടുത്തു.
അഹങ്കാരത്തിനുള്ള മറുപടിയായി
യുറിക്കാസിഡിൽപൊതിഞ്ഞ ജൈവവളം സമ്മാനിച്ച്
അകാലത്തിലേക്കവ പറന്നുപോയി.

* ലോകമഹായുദ്ധങ്ങളുടെ സ്മാരകഫലകം
03.06.2013

## ശത്രുപക്ഷം

ഒരുശത്രു വേണം കറുപ്പും വെളുപ്പുമാ-
യിഴചേർന്ന ചതുരക്കളങ്ങളിലാടുവാൻ.
പടവെട്ടുവാൻ, രുധിരപാനോത്സവത്തിന്റ
ലഹരിയിലുന്മാദനൃത്തം ചവിട്ടുവാൻ.

ഒരുശത്രു വേണം തളർന്ന പഞ്ചേന്ദ്രിയ
പ്പടയാളികൾക്കു സുജേമനം നൽകുവാൻ.

മുഖമറ്റ ജനവിസ്മയത്തിന്റ പെരുവെള്ള-
മലറിക്കുതിക്കുന്ന പഥസഞ്ചയങ്ങളിൽ,
നിഴലുകൾ മാത്രമായലയുന്ന സ്വത്വത്തി-
നഴകും പ്രഭാവവും വാർത്തെടുത്തീടുവാൻ
ഒരുശത്രു വേണം; കൊമ്പും കുഴൽവിളി
പടഹധ്വനി കൊടിക്കൂറപാറുന്നൊരീ
പടനിലത്തുത്സവമാടിത്തിമർക്കുവാൻ,
ശരമാരി കൊണ്ടൊളിചിമ്മും പ്രഭാകര
ദ്യുതി മറച്ചീടുവാൻ, ശ്യാമപക്ഷംപോലെ
ചിറകുകളോരൊന്നു കൊയ്തെടുത്തീടുവാൻ,
ഒരുശത്രു വേണം; പ്രണയസരോവരം
അണതകർത്തലറിക്കുതിച്ചെത്തി ഇണയുടെ
അടരാൻകൊതിക്കുന്ന ചുണ്ടിലെ ചുംബന-
പ്പനിനീർസുമങ്ങൾ കവർന്നെടുത്തീടുവാൻ,
വിജിഗീഷുവായ് നെഞ്ചിലിടിമുഴക്കംതീർത്തു
മൃഗമായി ചാട്ടവാറടിപോലെ ഉന്മത്ത-
നായി മദിക്കുവാൻ ഒരുശത്രു വേണം.

മദനോത്സവത്തിന്റ സാന്ധ്യമയക്കത്തി-
ലലസഹാസത്തിന്റെ മഴയുതിർത്തീടുവാൻ
ഒരുശത്രു വേണം; പരാജയപ്പടുകുഴി
മണലിട്ടുമൂടുവാൻ, പഴിപറഞ്ഞീടുവാൻ
ഗണിതങ്ങൾ തെറ്റവേ, നിലപാടു മാറ്റവേ
പഴിചാരുവാൻ പിന്നെ മൊഴിഅഴിച്ചീടുവാൻ,
ഒരുശത്രു വേണം; ശിശിരഗ്രീഷ്മങ്ങളിൽ
നിഴൽയുദ്ധമാടിപ്പലായനം ചെയ്യുന്ന
ശത്രു വേണം...... എനിക്കൊരു ശത്രു വേണം.

ഒടുവിലൊരുസന്ധ്യയിൽ ഒളിയമ്പുകൊണ്ടൊരു
തലഅറുത്തീടുവാൻ, വീരനായ്ത്തീരുവാൻ,
കനകസിംഹാസനം, ചെങ്കോൽ, കിരീടവും
പറുദീസതോൽക്കുന്ന അന്തപ്പുരങ്ങളും,
നവധാന്യമൊഴിയാത്ത കലവറ, തോരാതെ
കളധൗതവർഷം നിറഞ്ഞ ഭണ്ഡാരവും,
പകലന്തി ഓടിയാൽതീരാത്തഭൂമിയും,
പ്രജകളും, പ്രജയെനയിക്കുന്ന പ്രജ്ഞയും,
കരഗതമാക്കുവാൻ പ്രഥമനായ് തീരുവാൻ
ഒരുശത്രു വേണം ...... എനിക്കൊരു ശത്രു വേണം.

രുധിരംപകർന്ന കൊടിക്കൂറപാറവെ
ചിതയിൽ കബന്ധം എരിഞ്ഞടങ്ങീടവേ,
ഇരുളിൻകയത്തിലെ ദീർഘനിശ്വാസങ്ങ-
ളണപൊട്ടി എൻകാതിലലമുറയാകവേ,
പടികൾകടക്കുവാൻ, ഗിരികടന്നീടുവാൻ
വഴിമുട്ടി അകതാരു കൊതിപൂണ്ടുനിൽക്കവേ,
വിരസമായ്ത്തീരും നിമിഷങ്ങൾ മിഴിപൂട്ടി
നിഭൃതപഞ്ചേന്ദ്രിയം വഴിമുട്ടി നിൽക്കവേ
തിരയുന്നു ഞാനെന്റശത്രുവെ തിരയുന്നു.

ഒരു മത്സരത്തിന്റ പോർവിളി കേൾക്കുവാൻ
എവിടെ നീ? എന്നശ്വമിടയുന്നു, ലക്ഷ്യങ്ങ-
ളിനിയില്ല, നാഭിയിൽ കടലിരമ്പുന്നു, കാൽ
തളരുന്നു, വാക്കിലോ ചില്ലുകൾ ചോരുന്നു.
എവിടെ നീ? ശത്രുവേ നീ ഇല്ല എങ്കിലീ
പടയോട്ടമിനിയില്ല, പടയണി വേറില്ല.
നീ ഇല്ല എങ്കിലീ ഞാനില്ല, എന്നൂറ്റ-
മൂടറ്റ പാവിന്നഹങ്കാരമല്ലയൊ?

അറിയുന്നു നീ എന്നിൽ നിറയും ഉഷസ്സിന്റെ
നെറിവായിരുന്നു, കൺപോളകൾചിമ്മാത്ത
ഉണർവ്വായിരുന്നു, ജാഗ്രത്തിൻ പ്രചണ്ഡമാം
ദ്യുതിയായിരുന്നു നീ ഞാനായി മാറുന്നു.

16.03.2013

# ഒമർയാം ചിരിക്കുമ്പോൾ

ഇന്നലെ രാത്രിയിൽ വന്നിരുന്നു ഒമർ
പുണ്യപുരാതനൻ വന്ദ്യവയോധികൻ.
ജ്യാമിതീയത്തിൻ ത്രികോണങ്ങളിൽ തന്റെ
കോണകമൂരിവച്ചാർത്തുല്ലസിച്ചവൻ.
കൈയ്യിൽ ആൾജിബ്രയും തൂക്കി സമർഖണ്ടിൽ
നിന്നുമിറങ്ങി വന്നെന്നോടു ചോദിച്ചു.

"മൊട്ടത്തലയിലണക്കെട്ടുമായി നീ
നെട്ടോട്ടമോടുവതെന്തിനൊ ഏതിനോ?”

“മത്സരമല്ലഹോ ജീവിതം കേവല-
മുത്സവംമാത്രമാണല്ലോ വിദൂഷകാ.
പൊട്ടും വളകളും കാണാൻ മറന്നുവോ?
കൊട്ടും കുരവയും കേൾക്കാത്തതെന്തു   നീ?
നഷ്ടമായ് തീരും നിമേഷങ്ങളിൽ നിറ -
പ്പൊട്ടുകൾതൂകാൻ മറന്നു നീ വത്സലാ."

"നാലായ് മടക്കിയ നേർരേഖയിൽ തവ
ജീവിതം വീർമുട്ടുന്ന നേരങ്ങളിൽ
രാവും പകലും പിണഞ്ഞ ചതുരങ്ങളി -
ലാൾപ്പടയാളിയായ് മുട്ടിനിൽക്കുന്നേരം,
കെട്ടുപൊട്ടിച്ചൊരു പട്ടമായ്ത്തീരണം
കെട്ടുകളെല്ലാമറുത്തെറിഞ്ഞീടണം.
കോട്ടും കളസവും ജാക്കറ്റുമൂരി നീ
കാറ്റിൻകളേബരം പുൽകാനിറങ്ങണം.
ജീവിതം മുന്തിരിച്ചാറായ്, ലഹരിയായ്
ഓരോഞരമ്പിലും പെയ്തിറങ്ങീടണം.
ദൂരെ നിശീഥത്തിലാദ്യ നക്ഷത്രം പോലെ
നേരിൻനിലാവായ് പടർന്നിറങ്ങീടണം.
താരങ്ങളിൽ മിഴിനട്ടു നിൽക്കുമ്പോഴും
തോരാത്തഭൂമിയിൽ കാലുറച്ചീടണം.
ധൂളിയായ് വന്നു വിതാനിച്ചു ഭൂമിയിൽ
ധൂമമായ്തീരേണ്ട സംയുക്തമാണു നീ.
ജീവിതം പൂജ്യമാണുണ്ണി മറക്കായ്ക
സായൂജ്യമല്ലോ അനാദിമദ്ധ്യാന്തങ്ങൾ."

*ഒമർഖയാം - ആയിരത്തോളം വർഷങ്ങൾക്കു മുമ്പ് പേർഷ്യയിൽ (ഇന്നത്തെ ഇറാൻ) ജീവിച്ചിരുന്ന ഗണിത ശാസ്ത്രജ്ഞൻ, വാന നിരീക്ഷകൻ, അദ്ധ്യാപകൻ, തത്ത്വചിന്തകൻ, കവി. ജീവിതം ദുഖിക്കുവാനുള്ളതല്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ മതം. Read Rubiyat of Omar Khayyam.

09.03.2013

## പറയാതെ പോയ കപോതങ്ങളെ...

ഇനിയും വസന്തങ്ങൾ ഇതളണിഞ്ഞെത്തുമോ
പറയാതെപോയ കപോതങ്ങളെ?
ഇതുവഴി എത്തുമോ ശ്യാമമേഘങ്ങളേ
പകലിന്റെ വറുതിയിൽ പെയ്തിറങ്ങാൻ?
ഒരുവേള നീപോയ വഴിയിലൂടെത്തുമോ
പറയാതെപോയ കപോതങ്ങളെ?

ഇതുവഴി എത്തുമോ തെന്നലേ നീയെന്റെ
പകലിന്നശാന്തിയിൽ  ഹിമകണമായ്?
പറയുമോ നീപോയ വഴികളിലിത്തിരി
കനിവിൻ കടമ്പുകൾ പൂത്തിരുന്നോ?

അകതാരിലായിരം കനലിന്റെ നാളങ്ങ-
ളറുതിയില്ലാതെ എരിഞ്ഞിടുമ്പോൾ
ഒരു രാത്രിമഴയുടെ പദനിസ്വനങ്ങളും
കുളിരും കിനാക്കളും നീ തരില്ലേ?

ഇടിവീണൊരശബ്ദ ശിഖരപഥങ്ങളിൽ
ചുടുനീഡമണയുവാൻ നീ വരുമോ?
ചിറകു കരിഞ്ഞൊരീ പക്ഷിതന് നീഡത്തി-
ലിനിയും പിറക്കുമോ സാമഗാനം?

നിണമണിഞ്ഞെത്തുന്ന പഥികന്റെ നോവിലേ-
ക്കൊരുമഞ്ഞുതുള്ളിയായ് നീ വരില്ലേ?
കനിവിൻ  പയോധരമിനിയും ചുരത്തുമൊ
രണനിണം വാർന്നു  തപിച്ച മണ്ണിൽ?

ഇനിയുംപിറക്കാത്ത ഉണ്ണികളേ നിങ്ങ-
ളറിയുമോ പക്ഷിതന് വേദനകൾ?
അരുതേ പിറക്കല്ലേ ഗഗനമുപേക്ഷിച്ച
പറവകളായി പിറക്കരുതെ!

21.07.2012

# കണ്ടുവോ സോക്രട്ടീസേ

പാളയം പാതയിൽ ഒരുപിടിച്ചൂട്ടുമായ്
ആരെ നീ തിരയുന്നു ഗ്രീക്കിലെ സോക്രട്ടീസേ?
ആളുന്ന പന്തത്തിന്റെ നാളത്തിൽ തിളങ്ങുന്ന
നാസികത്തുമ്പു കൊണ്ടാരെ നീ മണക്കുന്നു?
വെളിച്ചം പോരെന്നുണ്ടോ? ഉച്ച വെയിലിൻ
തീക്ഷ്ണപക്ഷങ്ങൾ തളർന്നുവോ? വിളക്കു പൊലിഞ്ഞുവൊ?
കാറ്റിലാടും കരിമ്പനച്ചാർത്തു പോലുല-
ഞ്ഞാർത്തനായ് തിരയുന്നു ഓരോ മുഖത്തിലും.

നോക്കി നീ ദേവാലയ സമക്ഷത്തിൽ
നേർച്ചകളർപ്പിച്ചിറങ്ങും ഭക്തന്മാരെ,
പേപ്പറിൽ തുല്യം ചാർത്തുവോർ, പരശ്ശതം
നോട്ടു മാലകളിട്ടു ക്ഷേമം വിളമ്പുവോർ,
പെരുക്കിക്കിഴിക്കുവോർ, കണക്കിലെ
കളികൾക്കു കപ്പം കൊടുക്കുവോർ,
ദൈവത്തെ മുറിച്ചുവിൽക്കുന്നവർ,
പഠിക്കുവോർ, പാഠങ്ങൾ ചൊല്ലിക്കൊടുക്കുവോർ,
പിന്നെ പഠനം വിൽക്കുന്നവർ,
രോഗിയെ കക്കുന്നവർ, കള്ളനെ മുക്കുന്നവർ.

കണ്ടുവോ മഹാത്മാവേ നീ തേടുമാത്മാവിനെ?
ദണ്ഡകാരണ്യമല്ലോ പാളയം പെരുവഴി!
ആളുകൾ പുഴുക്കളായ് ഞുളഞ്ഞു മദിക്കുന്ന
പാതയിൽ പഴത്തൊലി പോലെ നീ മരുവുന്നു.

മാനുഷ്യകത്തിന്റെ പൊരുളിലേക്കൊളിചിമ്മി
നോക്കിയ നയനങ്ങൾ കലങ്ങി മറിഞ്ഞുവോ?
നേർത്ത ഫാലത്തിൽ കാലം തീർത്ത സീതങ്ങളിൽ
വേർപ്പിന്റെ പെരുവെള്ളമലറിപ്പായുന്നല്ലോ.
'പ്ളേറ്റൊയും', 'ക്സിനഫോണും' വന്ദിച്ചോരടികളിൽ
ചേറുപറ്റിയോ മുന്നം വിഴുപ്പിൻ തീരങ്ങളിൽ?
ചോദ്യങ്ങൾ ചോദ്യങ്ങൾ കൊണ്ടറിവിൻ നികുംഭില
ഭേദിച്ച നാവിൻ തുമ്പും ഉണങ്ങി വരണ്ടുവോ?
ഒടുവിൽ രക്തസ്സാക്ഷി മണ്ഡപപ്പടികളിൾ
തണുപ്പുബാധിച്ച കാലുമായിരിക്കവേ,
തരിപ്പു നാവിൻ തുമ്പിലെത്തും മുമ്പുരയ്ക്കുന്നു,
"കോഴിയെ കൊടുക്കണം; മർത്യനെ കണ്ടില്ലല്ലോ!"

23.01.2013

# അഹല്യ

സൂര്യവംശാത്മജാ നീ വരേണ്ടീ വഴി
ശാര്ദ്ദൂല, സർപ്പങ്ങൾ മേവുന്നോരീവഴി.
ഘോരാർക്കരശ്മിതന്നാതപം പൊള്ളിച്ചോ-
രായിരംവർഷം കടന്നുപോമെൻവഴി.
താപമാണെന്നിൽ ഉറഞ്ഞ ദുഃഖത്തിന്റെ
തൂണീരമാണീ അഹല്യയെന്നോർക്കുക.
നീ തൊട്ടുണർത്തേണ്ട, പാറയായ്മാറിയ
പാപിഷ്ഠയല്ലീ അഹല്യയെന്നോർക്കണം.
പാതാളവഹ്നിപോൽ കാളുമീ മാനസം,
പാരതന്ത്ര്യത്തിലേയ്ക്കില്ല പോകില്ലഞാൻ.
മീട്ടാൻമറന്നൊരു വീണയായ്പോയിനി,
നാട്ടിലേക്കില്ലഞാൻ, കാടാണു മൽഗൃഹം.
കാടായിമാറിയ മർത്ത്യമനസ്സിനെ-
ക്കാളുമാരണ്യത്തിൻ സുരക്ഷയാണുത്തമം.

താപസവാടത്തിലോരോ വസന്തവും
പാരിജാതങ്ങൾ  നിറച്ച ത്രിസന്ധ്യയിൽ,
പാലൊളിചിന്നി, മൃഗാങ്കനിരുട്ടിന്റെ
പാവാട തെന്നലിലോളങ്ങൾ നെയ്യവേ,
കാമ്യവനത്തിലെ കൂജനമമ്പുപോൽ
മാമകമാനസമെയ്തുമുറിക്കവേ,
ആരോവിളിച്ചപോൽ എന്മനമുന്മാദ
മോഹിതമായി ഞാനന്നോ ശിലയല്ല.

മാതൃത്വമേറാൻ കൊതിച്ച പൂമെയ്യൊരു
ശാപവച്ചസ്സിലുടക്കി ശിലയായി.
ആയിരംസംവത്സരങ്ങൾതൻ ഭാരവും-
പേറി ആരണ്യഗർഭത്തിലുറങ്ങവെ,
മാറുംഋതുക്കളിൽ പൂക്കളും കായ്കളും
ചൂടിത്തളിരുമായ് ഭൂമി പുഷ്പിക്കവേ,
വേദനതിന്നുകയായിരുന്നു ശില-
യാകാൻ കൊതിക്കാത്ത മാനസമെപ്പൊഴും.

ത്രേതായുഗത്തിന്റെപുണ്യമേ നീ കനി-
ഞ്ഞേകേണ്ടയാക്ളിന്ന ചുംബനംപോലുമേ.
നീ തൊട്ടുണര്ത്തേണ്ട, ആളിപ്പടരുമീ
ചേതോവികാരതരംഗമടവിയിൽ.
വാരിപ്പുണരാൻ കൊതിക്കും കരങ്ങളി-
ലാസുരശക്തി പകരേണ്ട രാഘവാ!

നീ തൊട്ടുണർത്തേണ്ടഹല്യമാരായിരം
കോടിയുണ്ടീ ദൂരഭൂമിയിലൊക്കെയും.
നാളെ നീയും ഭൂമിപുത്രിയെ കാഞ്ചന
സീതയായ് മാറ്റുന്ന നീതിമാനായിടും.
ഘോരാടലിൽ, ശിലാതന്തുക്കളിൽ ദുഃഖ-
മൂറിയൊലിപ്പിച്ചു കന്മദമാക്കവേ,
ഓരോയുഗത്തിലും കല്ലായിമാറുവാൻ
നൂറാണഹല്യമാരാക്കല്ലുടച്ചു നീ
മേലോട്ടു കെട്ടിപ്പണിയും മുറികളിൽ
രാവും പകലുമുറങ്ങട്ടെ ഗൗതമൻ.

23.01.2013

# കോട്ടു തുന്നുന്നവർ

നഗ്നനായിരിക്കുവാനെനിക്കിഷ്ടം
സഹർഷം ശുദ്ധവായുവുമേറ്റു,
വെളിച്ചത്തിൻ മുഗ്ദ്ധരേണുക്കളിലിഴഞ്ഞും,
മലര്ന്നുകിടന്നുറക്കെത്തുപ്പിയും,
ഉണർവ്വിന്റെ പകലുകളൊക്കെയുമുറങ്ങിയും,
മുദിതനായിരുട്ടിലുന്മാദിച്ചും,
ഭ്രാന്തമായ് ചിരിച്ചും,
ചിരിയുടെ സന്ധിയിലമര്ത്തിക്കരഞ്ഞും....
തോന്നിവാസത്തിന്റെ സ്വാതന്ത്ര്യമാണെനിക്കിഷ്ടം.

ഇന്നലെ അച്ഛന് ചൊല്ലി
"കുഞ്ഞുമോനിരിക്കട്ടെ കിന്നരിതുന്നിച്ചേര്ത്ത
കുപ്പായമതിലവന് സിംഹമായ് വളരേണം"
പിന്നെ അമ്മാവന് ചൊല്ലി
"പൊള്ളയായ് ചിരിച്ചീടാൻ, കള്ളങ്ങളുരച്ചീടാൻ,
വെള്ളക്കോട്ടിരിക്കട്ടെ, മന്ത്രിയായ് തിരിച്ചെത്തു"
പിന്നെ എന്നേട്ടന് നല്കി
നേരു പാവിട്ടതിൽ ഊടിട്ടനുണതൻ നൂലാൽ
പാരിന്റെപതിപ്പായി നെയ്തൊരു മഹാവസ്ത്രം;
"ഗോളംപോൽകറങ്ങുമ്പോൾ സൂര്യനായ്ഞാനുണ്ടാവും
ചൊല്ലുവതനുസരിച്ചീടേണം പൊന്നോമനെ"

മത്സരിക്കുവാനൊരു കോട്ടു നല്കിയെന്നമ്മ,
പോർക്കളങ്ങളിൽ ജയിച്ചെത്തുവാൻ പോർച്ചട്ടയായ്.
ധീരനായിരിക്കുവാനേകിയെന് സതീർത്ഥ്യനും,
ദാനശീലനായ്ത്തീരാനേകിയെന് നേര്പെങ്ങളും.
നരച്ച കുപ്പയമൂരി ചൊല്ലിയെന് ഗുരുനാഥന്
"വിളിച്ചുകൂവണം സത്യം, നിനക്കിതിരിക്കട്ടെ"

കിന്നരിച്ചിരിക്കുവാൻ കോട്ടു കാമുകി നൽകി,
സന്നിഭനാകാനെന്നും നാട്ടു മാമാരച്ചോട്ടില്.
"കറുത്ത കൊട്ടാണിതു രാത്രിയിലത്യുത്തമം,
മറിച്ചുചൊല്ലീടേണ്ട" ചൊല്ലിയെന്നാപ്പീസറും.
കോട്ടുകളൊരുപാടു നല്കിയെന് വാമേശ്വരി
സൂത്രത്തിലിട്ടോണ്ടോരോ നേരവുമുലാത്തുവാൻ.

കോട്ടുകൾ വേണം നാണം മറയ്ക്കാൻ, കാണും നേരിൻ
കോട്ടകള് മറയ്ക്കുവാന് നാണമുള്ളവര്ക്കെല്ലാം.
കോട്ടുകള് വേണം, എന്നും വൈരൂപ്യംമറച്ചീടാൻ
ചീട്ടുകൊട്ടാരം വീഴും കോട്ടുകളഴിക്കുകിൽ.

26.12.2012

# കാത്തിരിപ്പ്

അവസാനതോണിയും പോകവേ യമുനതൻ
വിരിമാറിലിരുളിന്റെ കുളിർ പരന്നീടവേ,
വിജനമീ കടവിലെ പുളിനങ്ങളിൽ രാത്രി-
നരികൾ ഭയത്തിന്റെചിത്രം പതിയ്ക്കവേ,
തലനാരിഴകൊണ്ടുഡുക്കളെ ബന്ധിച്ചു
തിമിരരഥമേറി മാരുതി പായവേ,
ഒരു ചുടുനിശ്വാസധാരയിൽ ജീവന്റെ
ഹരിതദലങ്ങളോ വിറയാർന്നു വാടവേ,
അകലങ്ങളിൽ സ്വപ്നവിധിയാലുണര്ന്നാർത്തു
വിലപിക്കുമുണ്ണി തന്നമ്മയെ തേടവേ,
സമരതീരത്തിലശാന്തിപ്പിശാചുക്കൾ
വെടിയുണ്ട ഉണ്ടു മദിച്ചു തിമർക്കവേ,
അവസാനസദ്യയും നീരുമായ് കാവലാൾ
ഇടനാഴിതാണ്ടി തുറുങ്കിലെത്തീടവേ,
അതിഥിയായവസാനമെത്തും വണിക്കിനെ
മൊഴിചൊല്ലി സ്ത്രീത്വ മുറങ്ങാൻ കിടക്കവേ,
എവിടെ പനിമതിക്കൊതുമ്പുവള്ളത്തിൽ നീ
പതിയെത്തുഴഞ്ഞീ കടവിലെത്തീടുക.

ഒരുപാടുയാത്രയുണ്ടിനിയും വിപത്തിന്റെ
കഠിനനിലങ്ങളിൽ മഴയുതിർത്തീടുവാൻ.
ശരമാരിപെയ്യുന്ന സമരനിലങ്ങളിൽ
ശരദിന്ദു സ്നേഹത്തിനമൃതു വർഷിക്കുവാൻ.
എവിടെവിടെ ഖഡ്ഗപ്പിണരുകൾ ജീവന്റെ
തുടിതാളമന്യഥാ മാറ്റിമറിക്കുന്നു,
അവിടവിടെയെത്തണം ജീവത്തുടിപ്പിന്നു
സ്വരരാഗമധുമാരി കുളിരു വർഷിക്കുവാൻ.
ഇനിയും പിറക്കണം കാരാഗൃഹങ്ങൾ ത-
ന്നിടനാഴിയിൽ ശുഭ്രവർണ്ണക്കപോതങ്ങൾ.
അരിയചിറകുകൾ മെല്ലെ വിരിച്ചതി-
രില്ലാത്ത ഭൂമിയിലാടിപ്പറക്കണം.

ഒരുപാടു തീരങ്ങളിൽ കാത്തിരിപ്പിന്റെ
കരിവിളക്കേന്തിത്തളർന്നുറങ്ങുന്നവർ,
ഒരുപാടു കാവൽപ്പുരകളിൽ ചകിതരായ്
രണഭൂമി താണ്ടാൻ കൊതിച്ചു കൂടുന്നവർ,
അവിടെയെത്തീടണം കുമ്പിളിൽ കനിവിന്റെ
നിറവൊളിച്ചാർത്തുമായിശ്യാമ ഭൂമിയിൽ.

കവിതയുടെ രണ്ടാം ഭാഗം സൂര്യനായ്, സൂര്യ പ്രവേഗമായ്
06.01.2011

# താമ്രപർണ്ണി

ഹേ താമ്രപർണ്ണി*, സഖീ, ഒഴുകൂ ശാന്ത-
മീമഹാഭൂവിന്റെ കണ്ണീർത്തടങ്ങളിൽ
ഹേ യാങ്സി(1), ടൈഗ്രിസ്(2), മഹാ പീതവാഹിനി(3),
വോൾഗെ(4), നിളെ, നീലവാഹിനി(5), നർമ്മദെ,
മാഴ്കാതെ നിങ്ങളീ തീരങ്ങളിൽ, പീഠ-
ഭൂവിൽ, ഹിമാദ്രിയിൽ, ദൂരെ മരുഭൂവിൽ
വാണ മനുഷ്യൻ കുലച്ച ശസ്ത്രംതീർത്ത
ദാരുണഹത്യതൻ പാപവും പേറുക.

നിന്നുർവ്വരതയിൽ, പശിമയിൽ പിച്ചവ-
ച്ചിന്നലെ മർത്ത്യൻ നിവർന്നു നിന്നീടവെ
പുഞ്ചിരിച്ചമ്പിളി, താരകൾ കൺകോണിൽ
ഇന്ദ്രധനുസ്സു കുലച്ചുപിടിച്ചുവോ?
പിന്നെ ശാസ്ത്രത്തിന്റെ ചക്രമിരുട്ടിന്റെ
വന്യനിലങ്ങളിലോടിച്ചു പോകവേ
വിദ്യുന്മയാത്മകമായി വിശ്വത്തിന്റെ
കത്രികപ്പൂട്ടു മലർക്കെത്തുറന്നുപോയ്.

വൈദ്യം, ജനിതകം, ഭൗതികവും, രസ-
തന്ത്രം, ഗണിതവും ഒന്നിച്ചുചേരവേ,
എല്ലാം പ്രകൃതിതൻ സർവ്വസനാതന-
മൊന്നാണതൂർജ്ജമാണെന്നും തെളിയവെ,
മന്നിലെമർത്ത്യൻ വളർന്നു വിശ്വംകട-
ന്നന്തരാത്മാവായി മാറാൻ തുടിക്കവേ,
പിന്നിലേക്കാനായിക്കുന്ന പുരാവസ്തു-
വല്ലേ മതങ്ങൾ? നിലാവിലെ കുക്കുടം!

നിൻതീരപങ്കജമായിരുന്നു ഇള
കണ്ട സംസ്കാരങ്ങളൊക്കെയുമെങ്കിലും,
തന്നിലെ സാന്ദ്രതമസ്സിൻ തളങ്ങളിൽ
പൊന്നിൻചിരാതു തെളിച്ച മനീഷയെ
പുണ്യമതങ്ങളായ് മാറ്റി ഒടുങ്ങാത്ത
വൻ ചൂഷണത്തിന്റെ ഭണ്ഡാരമായതും,
ഉള്ളംകലങ്ങി രത്നാകരസന്നിധി
പൂകാൻ കുതിക്കവേ നിങ്ങൾ മറന്നുവോ?

പിന്നെ വാളേന്തി പകയും, ദുരയുമായ്
തങ്ങളിൽ കൊല്ലാനൊരുങ്ങിയ മാനവർ
ചിന്നിയചോര സമാന്തരഗംഗയായ്
പുണ്യമീമണ്ണിൽ തിളച്ചൊഴുകുന്നഹോ.
ഇല്ലാത്തസ്വർഗത്തിലെത്തി രമിക്കുവാൻ
ഉള്ളസ്വർഗത്തിൽ നരകംവിതപ്പവർ-
ക്കില്ല സമഷ്ടിയോടിഷ്ടം ഒരിത്തിരി;
കല്ലായിമാറ്റി ഹൃദന്തം മതങ്ങളും.

ഹേ താമ്രപർണ്ണി, നീ സ്വീകരിക്കു ഇരു
ബാഷ്പകണങ്ങൾ ഉദകമാണോർക്കുക.
വാരിയെടുത്തൊരീ കുമ്പിളിൽ നീ പരി-
ത്യാഗമായ്, സ്നേഹമായ്, ലാവണ്യമായിടു.
സാരസജാലങ്ങൾ നീന്തുമീജീവാംബു
വാരിപ്പുണരുന്ന സൈകതഭൂമിയിൽ
ഘോരമതാന്ധത തല്ലിക്കെടുത്തിയ
ജീവന്നുദകമാണീച്ചുടുനീർക്കണം.

*തമിഴ് നാട്ടിലെ ഒരു നദി
1. Yangze river of China
2. Tigris of Iraq
3. Yellow river of China
4. Volga of Russia
5. Nile of Egypt

10.06.2016

# അനന്തരം

അടഞ്ഞ വാതായനപാളിയിൽ വ്യഥാ
വരച്ചുചേർക്കട്ടെ തുറന്നജാലകം;
അതിന്റെ സ്വാതന്ത്ര്യമരീചി കണ്ടൊരെൻ
വരണ്ടനേത്രങ്ങൾ തളർച്ച നീക്കുമോ?

ഉടഞ്ഞശംഖിന്റെ നിറങ്ങൾകൊണ്ടൊരീ
വസന്തചിത്രങ്ങൾ വരച്ചിടട്ടെ ഞാൻ;
ചുരത്തിനിൽക്കുന്ന നനഞ്ഞമണ്ണിനെ
മുറിച്ചു പൊന്തുന്നൊരിരുട്ടു ഭിത്തിയിൽ!

അഴിച്ചിടുംതോറുമടഞ്ഞുകൂടുമീ
കുരുക്കിനുള്ളിൽ ക്ഷണഭോഗതൃഷ്ണകൾ,
പളുങ്കുതേരേറി അണഞ്ഞിടുന്നിതാ;
മറുത്തുപോകാനിടമില്ലെനിക്കുമേൽ.

വരിഷ്ഠ വ്യോമാരുണ രാഗവീചികൾ
വിരക്തമാക്കുന്ന തമോഗളങ്ങളിൽ
ഒഴിക്കുവാനിറ്റു മണൽപിഴിഞ്ഞു ഞാൻ;
ഇരുട്ടുകൊണ്ടോട്ട അടച്ചു ഭംഗിയിൽ.

അടർന്നുവീഴുന്ന ദലങ്ങളായ് ദിനം
പ്രപഞ്ചകല്ലോല തരംഗലീലയിൽ
ഉയർന്നുതാഴുന്നു, മറഞ്ഞിടുന്നുവോ
തിരിഞ്ഞുനോക്കാതെ പ്രഹേളിയിൽ ദ്രുതം?

തിരിഞ്ഞുനോക്കില്ല, തകർന്നുവീഴുന്ന
തരുക്കളിൽ, ശാദ്വലഭംഗിയിൽ, നിലാ-
വൊഴിഞ്ഞുപോകുന്ന വിഹായവീഥിയിൽ
ഉദിച്ചുപൊന്തുന്ന പ്രഭാതരശ്മിയെ.

24.05.2017

# വഴി അവസാനിക്കുമ്പോൾ പന്തു നീട്ടി അടിക്കുക

ഉരുകിത്തിളച്ചു കലങ്ങിക്കലുഷിതം
ഇതു നിശായാമത്തിലെത്തിയ മാനസം.
ചലനംനിലച്ച ഘടികാരമോ വഴി-
നടുവിൽ മുടന്തിയ കൂറ്റൻ കുതിരയോ?

കലുഷിതമീപ്പന്തു നീട്ടിയടിച്ചതു
തിരകൾ  കടന്നു താരാഗണവീഥിയിൽ
എവിടെയോ ചെന്നുതറച്ചു മടങ്ങുന്നു,
ചിറകുള്ളൊരശ്വമായ് മുന്നിലെത്തീടുന്നു.

ചിറകുമായ് നീ പറന്നീടുക, മാത്രകൾ-
ക്കിടയിലെ മൗനത്തിലൂർന്നനിനാദത്തി-
നലകളിൽ നീരാടി, കാണാപ്രപഞ്ചത്തിൽ
അലിയുന്നു നീ മഹാമൗനമായ്മാറുന്നു.

അതിരുകളില്ലാത്തലോകമേ എന്നശ്വ-
മിളകിക്കുതിയ്ക്കവേ നിന്റെതീരങ്ങളിൽ,
ഇടിമുഴക്കങ്ങളായ്മാറും കുളമ്പടി-
ക്കെതിരല്ല മാറാലകെട്ടിയോരോർമ്മകൾ.

പറവകൾക്കൊപ്പം പറന്നു വിഹായസ്സി-
നതിദൂര സൗരയൂഥങ്ങളിൽരാപാർത്തു
പതിയെ മടങ്ങുന്നൊരശ്വമേ, ആഴത്തി-
നൊടുവിലെ മൗക്തികാരാമത്തിലെത്തുക.

പവിഴപ്രസൂനങ്ങളായിപ്പിറക്കുന്ന
പകലിൻകിനാവുകൾ - ചന്ദ്രകാന്തപ്രഭാ-
വലയത്തിൽ, മാലേയഗന്ധം പൊഴിക്കുന്ന
മൃദുവേണുഗാനം - നിനക്കുള്ളതല്ലയൊ!

അനുപമ വിശ്വലാവണ്യമേ നിൻതുകിൽ
തഴുകിക്കടന്നുപോയീടവേ മൽപ്രാണ-
നൊഴുകിത്തുളുമ്പുന്നനല്പ സൗന്ദര്യത്തി-
ലടിമുടി കോരിത്തരിച്ചുപോയീടുന്നു

02.06.2016

# മിഖായേൽ*

നീഒഴിച്ചിട്ട ശൂന്യതയ്ക്കരികിൽ
ഈ പഴയ പുറംതിണ്ണയിൽ ഞാനിരിക്കുന്നു.
ഇവിടം ഒരിരുണ്ട കൂപമാണല്ലോ.
നാം കളിക്കുകയായിരുന്നു,
ഇപ്പോൾ ... അമ്മ വഴക്കു പറയുന്നതു എനിക്കു കേൾക്കാം
"കുട്ടികളെ... ഒന്നടങ്ങു..."
നാം ചിരിക്കും, നീ കണ്ടെത്താത്തിടത്തു ഞാൻ ഒളിക്കാൻ പുറപ്പെടും...
കോവണിയുടെചുവട്ടിൽ, തളത്തിൽ, തട്ടുംപുറത്തു്...
പിന്നീടു നീ ഒളിക്കും.
മിഖായേൽ, ഒളിച്ചുകളിയിൽ നാം മിടുക്കരായിരുന്നുവല്ലോ.
എല്ലാം എപ്പോഴും കണ്ണീരിൽ ഒടുങ്ങുന്നു.

ആഗസ്തിലെ ആ രാത്രിയിൽ ആരുംതന്നെ ചിരിച്ചില്ല
നീ വീണ്ടും ഒളിക്കാൻപോയി, നേരം ഏറെക്കഴിഞ്ഞു
പുലരാറായിരിക്കുന്നു.
നിന്നെ ഒരിക്കലുംകണ്ടെത്താനാവാതെ
നിന്റെസോദരൻ തിരിച്ചെത്തിയിരിക്കുന്നു.
അവനുചുറ്റും നിഴലുകൾ സാന്ദ്രമാകുന്നു, മിഖായേൽ... വേഗമാവട്ടെ,
നീ പ്രത്യക്ഷപ്പെടുമോ? അമ്മയ്ക്കിതു വിഷമം മാത്രമായിത്തീരും.

*Miguel BY CÉSAR VALLEJO, TRANSLATED BY DON PATERSON

I'm sitting here on the old patio
beside your absence. It is a black well

സമകാലീന ആംഗലേയ കവികളിൽ പ്രശസ്തനായ ഡോൺ പാറ്റേഴ്സൺ എഴുതിയ 'മിഗേൽ' (Miguel in Spanish - മലയാളത്തിലെ മിഖായേൽ) എന്ന കവിതയിൽ എത്തിച്ചേർന്നു. ഇത് CÉSAR VALLEJO എന്ന പെറുവിയൻ കവി സ്പാനിഷിൽ എഴുതിയ കവിതയുടെ പരിഭാഷയാണ്. അത്ഭുതകരമായ ഒരു കണ്ടെത്തലായിരുന്നു എനിക്കിത്. ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും മികച്ച കവികളിൽ ഒരാളായി കണക്കാക്കപ്പെടുന്ന CÉSAR VALLEJO 1938 വരെ ജീവിച്ചിരിക്കുകയും അതിനോടകം മൂന്നു കവിതാ സമാഹാരങ്ങൾ മാത്രം പ്രസിദ്ധീകരിക്കുകയും ചെയ്തു. പുരോഹിതനാകാൻ പ്രേരിപ്പിക്കപ്പെട്ട ബാല്യകാലത്തിൽ നിന്നും അദ്ദേഹം പിൽക്കാലത്ത് നാസ്തികതയുടെയും യുക്തിചിന്തയുടെയും അതിരുകളിലേക്കു കുടിയേറി. ദ്ദേഹത്തിനുണ്ടായിരുന്ന ശക്തമായ കുടുംബ ബന്ധത്തിന്റെ ചിത്രം 'മിഖായേൽ' എന്ന കവിതയിൽ അനാവൃതമാകുന്നു. കവിയുടെ ആകുലത ഈ കവിതയിലൂടെ അരിച്ചെത്തുന്ന തണുപ്പുപോലെ നമ്മിലേക്ക് സംക്രമിക്കുന്നു. ഒരുനിമിഷം കവിയോടൊപ്പം നാമും ചോദിച്ചു പോകുന്നു "മിഖായേൽ, നീ പ്രത്യക്ഷപ്പെടുമോ?"

06.12.2017

# ഉത്തരം സ്പഷ്ടമാണല്ലോ കാറ്റിൽ*

എത്ര പാതകൾ താണ്ടീടണം
മർത്ത്യനെന്നൊരുനാളിൽ വിളിക്കപ്പെടാൻ മാത്രം?
എത്ര സാഗരം മുറിക്കേണം
ശുഭ്രാകുലകപോതം മൺതട്ടിലുറങ്ങീടാൻ?
എത്ര ആഗ്നേയമുതിർക്കേണം
നിത്യമായ് പീരങ്കികൾ ശക്തമായ് നിരോധിക്കാൻ?
ഉത്തരം സ്പഷ്ടം കാറ്റിൻ ചുണ്ടിൽ - പ്രിയനേ
ഉത്തരം സ്പഷ്ടം കാറ്റിൻ ചുണ്ടിൽ

എത്രനാളുണ്ടാവണം ശൈലം
സപ്തസാഗരത്തിലേക്കൊഴുകി ഇല്ലാതാവാൻ?
എത്രനാൾ ജീവിക്കേണം മർത്ത്യൻ
കെട്ടഴിഞ്ഞസ്വാതന്ത്ര്യമുക്തനായ് തീരാൻ മാത്രം?
എത്രയോവട്ടം തിരിയേണം
ഒട്ടുമേ കണ്ടില്ലെന്നു നടിച്ചു മുന്നേറുവാൻ?
ഉത്തരം സ്പഷ്ടം കാറ്റിൻ ചുണ്ടിൽ - പ്രിയനേ
ഉത്തരം സ്പഷ്ടം കാറ്റിൻ ചുണ്ടിൽ

എത്രയോവട്ടം നോക്കീടണം
നിസ്തുല വിഹായസ്സു നിറയെക്കണ്ടീടുവാൻ?
എത്രകാതുകളുണ്ടാവണം
മർത്ത്യനൊമ്പരത്തിന്റെ മാറ്റൊലി കേട്ടീടുവാൻ?
എത്രപേർ മരിക്കേണം മർത്ത്യാ
ഒത്തിരി മരിച്ചെന്നു മനസ്സിൽ തറയ്ക്കുവാൻ?
ഉത്തരം സ്പഷ്ടം കാറ്റിൻ ചുണ്ടിൽ - പ്രിയനേ
ഉത്തരം സ്പഷ്ടം കാറ്റിൻ ചുണ്ടിൽ

*2016 സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ച ബോബ് ദിലൻ 1962 ൽ രചിച്ച പ്രതിഷേധ ഗാനം.

How many roads must a man walk down
Before you call him a man?

BLOWIN' IN THE WIND (Bob Dylan) 1962 Copyright 1962 by Warner Bros. Inc. Renewed 1990 by Special Rider Music

12.09.2017

# പൂർണേന്ദുവും ഒഴിഞ്ഞ കരങ്ങളും*

നിറഞ്ഞ ചന്ദ്രബിംബവും
ഒഴിഞ്ഞ മൽക്കരങ്ങളും
നമുക്കു പങ്കിടാൻ വിധു
അയത്നമെങ്ങു പോയി നീ?

ഇദം വിശിഷ്ട രാവുകൾ
ഒരോർമ്മ നെയ്ത രാത്രികൾ
വരിഷ്ട ചുംബനങ്ങളിൽ
കിനാവു കാണ്മു രണ്ടുപേർ

നിറഞ്ഞ ചന്ദ്രബിംബവും
ഒഴിഞ്ഞ മൽക്കരങ്ങളും
നിശീഥ മാന്ത്രികേന്ദുവേ
വലഞ്ഞു മോഹപീഡയാൽ

വരുന്ന പൗർണ്ണമിക്കു മൽ
സുമോഹവല്ലി പൂക്കുകിൽ
ഒഴിഞ്ഞൊരെൻ കരങ്ങളിൽ
നിറഞ്ഞു നീ തുളുമ്പിടും.

*1945 ൽ Buddy Kaye ഉം Ted Mossman ഉം ചേർന്നെഴുതിയ ഗാനം. 2016 ലെ സാഹിത്യത്തിനുള്ള നോബൽ സമ്മാനം ലഭിച്ച ബോബ് ദിലൻ (Bob Dylan ) 2015 ൽ 'Shadows in the Night' എന്ന ആൽബത്തിനു വേണ്ടി ഈ ഗാനം റിക്കാഡ് ചെയ്തു.

Full moon and empty arms
The moon is there for us to share
But where are you?

11.09.2017

# മുറ്റത്തു നിന്നൊരു ഗീതം*

എത്രയോ നാളായി ഞാനീ പൂമുഖമുറ്റത്തായിരുന്നു.
പരുപരുത്ത, ഉപേക്ഷിക്കപ്പെട്ട, പാഴ്ച്ചെടി വളരുന്ന
പിന്നാമ്പുറത്തേക്കെനിക്കു പോകേണ്ടിയിരിക്കുന്നു.
ഈ പെൺകുട്ടി പനിനീർപ്പൂക്കളെ മടുത്തിരിക്കുന്നു.
നേരം പോക്കിനായി,
പിൻ നടപ്പാതയിലൂടെ,
അങ്ങാടിപ്പിള്ളേർ കളിക്കുന്ന
പിന്നാമ്പുറത്തേക്കെനിക്കു പോകേണ്ടിയിരിക്കുന്നു.
അവരടിച്ചു പൊളിക്കുന്നു.
അവരാർത്തുല്ലസിക്കുന്നു.
അമ്മ ഇതാ പുച്ഛത്തോടെ നോക്കുന്നു, പക്ഷെ സാരമില്ല.
നേരമിരുട്ടിയിട്ടും അവർക്കെവിടെയും പോകേണ്ടതില്ല.
'ജോണി മെ' ഒരു കുരുത്തംകെട്ടവളായി
വളരുമെന്നമ്മ പറയുന്നു.
(കഴിഞ്ഞ ശൈത്യത്തിൽ ഞങ്ങളുടെ പുറം ഗേറ്റ് ഇളക്കി വിറ്റതിനു)
'ജോർജ്' അഴിക്കുള്ളിലാകുമെന്നമ്മ പറയുന്നു.
എന്നാൽ അതൊട്ടും സാരമില്ല.
എനിക്കും ഒരു കുരുത്തംകെട്ടവളായിത്തീരണം.
മുഖത്ത് ചായംപൂശി, കറുത്ത റേന്തയുള്ള
സ്റ്റോക്കിംഗ് ധരിച്ചുകൊണ്ട്, അങ്ങിനെ
നിരത്തിലൂടെ തെറിച്ചു തെറിച്ചു പോകണം.

*A song in the front yard' by GWENDOLYN BROOKS

I've stayed in the front yard all my life.
I want a peek at the back

GWENDOLYN BROOKS (1917–2000) - ഇരുപതാം നൂറ്റാണ്ടിലെ അമേരിക്കൻ കാവ്യ ലോകത്തെ എണ്ണപ്പെട്ട കവി. പുലിറ്റ്സർ സമ്മാനിതയായ ആദ്യത്തെ കറുത്ത വംശജ. കറുത്ത വംശജരുടെ ജീവിതത്തെ വ്യത്യസ്ത കോണുകളിൽ നിന്നും നോക്കി കാണുകയും, സാമൂഹ്യപ്രസക്തമായ ചോദ്യങ്ങൾ ഉന്നയിക്കുകയും ചെയ്ത ബ്രൂക്ക്സ്, തന്റെ പിൽക്കാല രചനകളിൽ, രാഷ്ട്രീയമായ നിലപാടുകൾ അവതരിപ്പിക്കുകയും ചെയ്തു.

06.06.2017